# മലങ്കര വിയോജിതൻ.

# The Malabar Separatist.

പുസ്തകം ൧. | ൧൦൮൫ മിഥുനം, കൎക്കടകം | ലക്കം ൨.

## മംഗളം

കടുതരമുഷ്ടദേശം ചെയ്തിട്ടുംകണ്ടകന്മാ-
രുടെ കപടവലയ്ക്കുൾച്ചിക്കിടാതിന്നുലോകം
സ്ഫുടതരവഴി കാണ്മാൻ, ദേശമൊട്ടുക്കുചുറ്റി
ച്ചൊട്ടിയൊരുനടക്കൊൾകീമാസികെ! ഭൂസലെന്യേ

K. V. S.

## സഹസ്രാബ്ദം.

(ഒരു നിരൂപണം)

എറണാകുളത്തുനിന്നും പുറപ്പെട്ടുവിച്ചുവരുന്ന സ്വൎഗ്ഗദൂതൻ എന്ന മാസികയുടെ ഏഴാം ലക്കം കിട്ടി. "ഇനിയും ഒരു സഹസ്രാബ്ദവാഴ്ചയുണ്ടാകുമൊ" എന്ന മേൽവാചകത്തോടുകൂടിയ ഒരു പ്രസംഗം കൊണ്ടു ഈ ലക്കം മുഴുവൻ നിറഞ്ഞിരിക്കുന്നതായി കാണുന്നു. ഈ ദുൎഘടകാലത്തു പ്രസ്തുത പ്രസംഗം മുഖാന്തിരം ദൈവമക്കൾക്കു ഉപദ്രവമുണ്ടാകാതെയിരിപ്പാൻ ഉടനടി അതിനെ നിരൂപണം ചെയ്യേണ്ടതു് ആവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

സഹസ്രാബ്ദപ്രസംഗികളെപ്പറ്റി പ്രസംഗത്തിന്റെ ആദ്യഭാഗത്തു ദൂതൻ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്. "കൎത്താവിന്റെ രണ്ടാമത്തെ വരവിനെയും അതിന്റെ ഭയങ്കരത്വത്തെയും മനുഷ്യരുടെ ദൃഷ്ടിയിൽനിന്നു തെറ്റിച്ചു ആ സഹ

നർ

നത്തു വിശുദ്ധന്മാരുടെ ഒരു ലൌകിക ഉയർച്ചയും ഒരായിരമാ
ണ്ടത്തെ ലോകവാഴ്ചയും ഉയർത്തിക്കാണിച്ചു തീക്ഷ്ണതയോടു പ്ര
സംഗിക്കുന്നവരുടെ സംഖ്യ നാൾക്കുന്നാൾ വർദ്ധിച്ചുവരുന്നു." (സ
വാർത്താദൂതൻ ലക്കം ൧. പുറം ൧.) ഈ വാചകത്തിൽ സഹസ്രാ
ബ്ദപ്രസംഗികൾ തീക്ഷ്ണതയോടു പ്രസംഗിക്കുന്നു എന്നുള്ളതും
അവരുടെ സംഖ്യ നാൾക്കുന്നാൾ വർദ്ധിച്ചുവരുന്നു എന്നുള്ള
തും മാത്രമേ വാസ്തവമുള്ളു. അവരുടെ പ്രസംഗസാരം എന്തെ
ന്നു കാണിച്ചിട്ടുള്ള ഭാഗം അശേഷം അവാസ്തവമാണ്. കർത്താവി
ൻെറ രണ്ടാം വരവിനേയും അതിനാൽ ദുഷ്ടന്മാർക്കുണ്ടാകുന്ന ഭ
യങ്കരതാപത്തേയും മനുഷ്യരുടെ കണ്ണുകളിൽ നിന്നു മറെപ്പാൻ സ
ഹസ്രാബ്ദക്കാർ ഉദ്യമിക്കുന്നില്ലെന്നു മാത്രമല്ല. വരവിനെക്കുറി
ച്ചുള്ള നിർമ്മലോപദേശം മനുഷ്യരുടെ ഹൃദയങ്ങളിൽ ശക്തിയോ
ടു കടക്കണമെന്നുള്ളതാണ്, രണ്ടാം വരവിനെ തങ്ങളുടെ പ്രസം
ഗവിഷയമാക്കുന്ന സഹസ്രാബ്ദപ്രസംഗികളുടെ സർവ്വാധികമായ
ഉദ്ദേശം. സഹസ്രാബ്ദനിഷേധികളെക്കാൾ, സഹസ്രാബ്ദം വി
ശ്വസിക്കുന്നവരാണ് രണ്ടാം വരവിനെക്കുറിച്ചു നിർബന്ധമാ
യി പ്രസംഗിക്കുന്നവർ, എന്നുള്ളതു മലയാളനാട്ടിൽ തന്നെ
ജി. റ്റി കമ്പനിവക യോഗങ്ങളിലും വേർപെട്ടവരുടെ
യോഗങ്ങളിലും സംബന്ധിച്ചിട്ടുള്ളവർക്കു അറിയാവു
ന്നതാണ്. "സഹസ്രാബ്ദപക്ഷക്കാർ ദൈവ വ
ചനത്തിലും ദിവ്യസത്യത്തിൻ ക്രമത്തിലും രണ്ടാം വരവിനു കൊ
ടുത്തിരിക്കുന്ന സ്ഥാനത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കുന്ന
തിനാൽ സഭയ്ക്കു വാസ്തവമായ ശുശ്രൂഷ ചെയ്തിരിക്കുന്നു" എ
ന്നാണു സഹസ്രാബ്ദ വിരോധികളുടെ നേതാക്കളിൽ ഒരുവനായ
ഡേവിഡ് ബ്രൌൺ പറഞ്ഞിരിക്കുന്നതു്. Second Advent
എന്ന പുസ്തകം നോക്കുക. അതിനാൽ ദൂതൻെറ വ്യാഖ്യാനം അനു
ഭവവിരുദ്ധമെന്നു തെളിയുന്നു. ദൂതൻെറ വാക്കുകളെ ഇനിയും
ശ്രദ്ധിക്കാം. "വിശുദ്ധന്മാരുടെ ലൌകിക ഉയർച്ചയും ഒരായിര
മാണ്ടത്തെ ലോകവാഴ്ചയും സഹസ്രാബ്ദക്കാർ ഉയർത്തിക്കാണിക്കു
ന്നു." ഇതും തെറ്റുതന്നെ. സഹസ്രാബ്ദപക്ഷക്കാരായ ഞങ്ങൾ
വിശുദ്ധന്മാരുടെ ലൌകിക ഉയർച്ചയിലോ ആയിരമാണ്ടത്തെ
...ിക്കുന്നില്ല. ലൌകിക ഉയർച്ച

"കർത്താവിൻെറ രണ്ടാമത്തെ വരവിനെയും അതിൻെറ ഭയങ്കര
താപത്തെയും മനുഷ്യരുടെ നോട്ടത്തിൽനിന്നു തെററിച്ചു ആ സ്ഥാ

യേയൊ ലോകവാഴ്ച്ചയേയൊ പ്രസംഗിക്കുന്നവൎക്ക് എന്നല്ല, ആ
ശിക്കുന്നവൎക്ക പോലും സഹസ്രാബ്ദത്തിൽ പങ്കുണ്ടാകയില്ലെന്നാ
ണ്, ഞങ്ങളുടെ വിശ്വാസം. "ലോകത്തെയും ലോകത്തിലുള്ളവ
യേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ,
അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം കൺ
മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങിനെയുള്ളതെല്ലാം പി
താവിൽ നിന്നല്ല ലോകത്തിൽ നിന്നത്രെ ആകുന്നു. ലോകവും
അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു." ദൈവേഷ്ടം
ചെയ്യുന്നവൻ എന്നേക്കും ഇരിക്കുന്നു. (൧ യോഹ. ൨: ൧൫-
൧൭) എന്നു യോഹന്നാൻ പറയുമ്പോൾ ലൌകികമായ ഉയൎച്ച
യ്ക്കു വേണ്ടി ആശിപ്പാൻ ഞങ്ങൾക്ക ന്യായമില്ല, ഉയൎന്നകാൎയ്യങ്ങ
ളെ അന്വേഷിക്കാതെ താണവരോടു അനുകൂലപ്പെടുവിൻ എന്നാ
ണല്ലൊ വചനം. ലോകത്തിൽ നിങ്ങൾക്ക സങ്കടമുണ്ടു എന്നു ക
ൎത്താവു പറഞ്ഞിരിക്കും പ്രകാരം ഞങ്ങൾ ഇവിടെ സങ്കടപ്പെടുക
യും, സഹിക്കുന്നു എങ്കിൽ കൂടെ വാഴും എന്നുള്ളതനുസരിച്ചു ക്രി
സ്തുവിനോടു കൂടി വാഴുന്ന വാഴ്ചയ്ക്കു വേണ്ടി ഞങ്ങൾ കാത്തിരി
ക്കയും ചെയ്യുന്നു. ക്രിസ്തുവിനോടു കൂടി വാഴുന്ന വാഴ്ച ലോകവാ
ഴ്ചയാണൊ? സകലത്തിനും മീതെ ഉയൎത്തപ്പെടുന്ന ദൈവപുത്ര
ന് ലഭിക്കുന്ന ഉയൎച്ച ലോക ഉയൎച്ചയാണൊ? ദൂതൻ പറയട്ടെ:
ക്രിസ്തുവിനു ലഭിക്കുന്ന ഉയൎച്ച ലോകഉയൎച്ചയും ക്രിസ്തുവിനു
കിട്ടുന്ന വാഴ്ച ലോകവാഴ്ചയുമാണെന്നു പറവാൻ ദൂതന്നു ധൈൎയ്യമു
ണ്ടെങ്കിൽ ആ ലൌകിക ഉയൎച്ചയ്ക്കും ആ ലോകവാഴ്ചയ്ക്കുമാണു
ഞങ്ങൾ കാത്തിരിക്കുന്നതു എന്നു പറവാൻ ഞങ്ങളും ഒരുക്കമു
ണ്ട്. ക്രിസ്തു തന്റെ ശത്രുക്കളെ പാദപീഠമാക്കുന്നതു ലോക
സിംഹാസനങ്ങളെ മറിച്ചിടുന്നതു ദുരാജാക്കന്മാരെ ശിക്ഷിക്കുന്ന
തു ഇവയൊന്നും ലൌകിക വലിപ്പങ്ങളല്ലാ എന്നു ഞങ്ങൾക്കു തോ
ന്നുന്നില്ല. ജാതികളുടെ മേൽ വാഴുവാനുള്ള അവകാശം ക്രിസ്തു
വിനും അവൻ മുഖാന്തരം അവന്റെ ഇളയസഹോദരന്മാൎക്കും
സ്വൎഗ്ഗസ്ഥപിതാവിനാൽ നൽകപ്പെട്ടിരിക്കുന്നതായി ആയിര
മായിരം വേദവാക്യങ്ങൾ കാണിക്കുന്നു. അതിനാൽ സഹസ്രാ
ബ്ദവാഴ്ചയെ കാത്തിരിക്കുന്ന സാധുക്കൾ ദൂതന്റെ പ്രകടനം
കൊണ്ടു ലജ്ജിപ്പാൻ ഇടയില്ലെന്നു സധൈൎയ്യം ഞങ്ങൾ ഉറയ്ക്കു
ന്നു. ബുദ്ധിമാന്മാർ ലോകത്തെ വിധിക്കും. മാത്രമല്ല ദൂതന്മാരെ

യും വിധിക്കും എന്ന ൧. കൊരി. ൩: ൧൨-൧൫-ൽ നിന്നു വായിച്ചറിയുന്നതാണു്.

ദൂതന്റെ പ്രസംഗത്തിൽപെട്ട വേറൊരു പാരാ എടുക്കാം.

“യേശുക്രിസ്തു രണ്ടാമതും വന്നതിന്റെ ശേഷം ഈ ഭൂമിയിൽ ഒരു രാജ്യം സ്ഥാപിച്ചു് തന്റെ വിശുദ്ധന്മാരെ ഭരണകർത്താക്കന്മാരാക്കി രാജ്യം സർവ്വവും ഭരിച്ചു് ഒരു ആയിരമാണ്ടത്തെ ഭൌമികഭരണം നടത്തും എന്നാണോ വെളി: ൨൦-ാമദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു് എന്നാലോചിക്കാം. ഈ ഒരു വാക്യത്തിന്മേലാണല്ലോ സഹസ്രാബ്ദപ്രസംഗികൾ തൂങ്ങിക്കിടക്കുന്നതു്”. ഇത്രയും പറഞ്ഞിട്ടു് ദൂതൻ വെളി ൨൦: ൪ മുതൽ ൬ വരെയുള്ള വാക്യങ്ങൾ ഉദ്ധരിക്കുന്നു. പിന്നീടു് ആ വാക്യങ്ങളെ വ്യാഖ്യാനിക്കുന്നു. ദൂതന്റെ വ്യാഖ്യാനം താഴെ വരുന്ന വിധമാണു്.
“കാര്യകാലത്തും പാപ്പാമതത്തിന്റെ ശക്തികാലത്തും പ്രോട്ടസ്റ്റന്റു മതം പ്രബലതയിൽ ഇരുന്ന കാലത്തും ഭൂമിയിൽ ദൈവമക്കളായി തീരുവാനുള്ളവരുടെ ആത്മാക്കളെ വെളിപ്പാടുകാരനായ യോഹന്നാന്നു് മുമ്പുകൂട്ടി ദൈവം കാണിച്ചുകൊടുത്തു. പാപത്തിൽ മരിച്ചുകിടക്കുന്നവരുടെ ആത്മാക്കൾ നീതിക്കു ജീവിച്ചു ദൈവരാജ്യത്തിൽ അല്ലെങ്കിൽ തന്റെ സഭയിൽ വാഴുന്നതും അവനെ കാണിച്ചു. വെളി: ൨൦-ൽ ൬ സങ്കീ: ൧൪൯: ൫-൯”

ഇതിൽ കാവ്യകാലമെന്നു പറയുന്നതു് അജ്ഞാനറോമയുടെ കാലമത്രേ: മഹാസർപ്പം അജ്ഞാനറോമയാണെന്നാണു് ദൂതന്റെ നേതൃസംഘമായ കമ്പനിയുടെ വ്യാഖ്യാനം. എന്നാൽ അതു് റോമാഗവണ്മെന്റാണെന്നു വേദപുസ്തകം പറയുന്നില്ല. നേരെമറിച്ചു് ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന പഴയ പാമ്പാണു് മഹാസർപ്പമെന്നത്രേ വേദത്തിൽ കാണുന്നതു് (വെളി ൧൨-ൽ ൯.) ആകാശനക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞതും കുട്ടിയുടെ ജനനത്തിൽ അതിനെ തിന്നുകളവാൻ കാത്തിരുന്നതും (൪ വാ.); മിഖായേലുമായി യുദ്ധം ചെയ്തതും (൭ വാ.) സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കു് തള്ളിയിടപ്പെട്ടതും (൯ വാ.); സഹോദരന്മാരുടെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തി

യും അപവദിച്ചുംകൊണ്ടിരിക്കുന്നതും (൧൦ വാ.), തനിക്കല്പകാലമേയുള്ളു എന്നറിഞ്ഞ് ഭൂമിയിലേക്കു വരുവാനിരിക്കുന്നതും, കടല്പുറത്തെ മണലിന്മേൽ നിന്നതും സ്ത്രീയോടു കോപിച്ചതും സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പുള്ളവരോട് യുദ്ധം ചെയ്‌വാൻ പുറപ്പെട്ടതും (൧൭ വാ), കടലിൽ നിന്നും കയറിവരുന്ന മൃഗത്തിനു അധികാരം കൊടുത്തതും (൧൩:൨ വാ), ഈ സർപ്പം തന്നെ. സർവശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന് സർവ്വഭൂതലത്തിലുമുള്ള രാജാക്കന്മാരെ കൂട്ടിച്ചേർപ്പാൻ തവളയെപ്പോലുള്ള അശുദ്ധാത്മാവിനെ നിയോഗിച്ചതും ഈ ശക്തിയത്രെ. ആയിരമാണ്ടു വാഴ്ചകാലത്ത് ചങ്ങലയിട്ട് ബന്ധിച്ചതായി യോഹന്നാൻ കണ്ടതും പിശാചും സാത്താനുമെന്ന ഈ പഴയ പാമ്പിനെ (൨൦:൨,൩.) തന്നെ. പ്രസ്തുത വാക്യങ്ങളാം ഒരുമിച്ച് കൂട്ടിനോക്കിയാൽ മഹാസർപ്പം അജ്ഞാനറോമയല്ല, അജ്ഞാനറോമയിൽ വ്യാപരിച്ചുവന്നെങ്കിലും, ഒരു യഥാർത്ഥവ്യക്തിത്വമുള്ള വീണുപോയ ദൂതനെ, അഥവാ സാത്താനെയാണ് (ഇവിടെ) മഹാസർപ്പം എന്ന് വ്യവഹരിക്കുന്നത് എന്ന് ആർക്കുമെന്നും മനസ്സിലാവും. അതിനാൽ മഹാസർപ്പം എന്നതു പുറജാതിറോമയെക്കാൾ എത്രയും പഴക്കവും യഥാർത്ഥവ്യക്തിത്വവുമുള്ള സ്വർഗ്ഗത്തിൽ നിന്ന് തള്ളപ്പെട്ട സാത്താൻ തന്നെയാണെന്നു സ്പഷ്ടമായി തെളിയുന്നു. തന്നിമിത്തം ദൂതന്റെ വ്യാഖ്യാനം അബദ്ധം തന്നെ.

ഇനിയും, ദൂതൻ പറയുന്നതുപോലെ മൃഗം എന്ന് വെളിപ്പാടിൽ കാണുന്നത് പാപ്പാമതമാണോ എന്ന് നോക്കാം. പാപ്പാമതം റോമാസഭയാണല്ലോ. റോമസഭയെ കടലിൽ നിന്നു കയറിവന്ന മൃഗമെന്ന് പറയാമോ? കാഹളക്കമ്പനിയുടെ വിശ്വാസമനുസരിച്ചു തന്നെ റോമയെ മൃഗമെന്നു പറവാൻ പാടില്ല. എങ്ങിനെ എന്നാൽ മൃഗത്തെയോ, അതിന്റെ പ്രതിമയേയോ നമസ്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്രയേല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും. വിശുദ്ധദൂതന്മാരുടെ കുഞ്ഞാടിന്റെ മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്ന

നോക്കം പൊങ്ങും. മൃഗത്തേയും അതിന്റെ പ്രതിമയേയും നമ
സ്കരിക്കുന്നവക്കും അതിന്റെ പേരിന്റെ മുദ്ര ഏ
ൽക്കുന്നാവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല
(വെളി:൧൪:൯—൧൧;) എന്നിങ്ങനെ ഒരു സ്വർഗ്ഗദൂതൻ ഉച്ച
ത്തിൽ വിളിച്ചു ഘോഷിക്കുന്നതായി കാണുന്നു. റോമ്മാസഭ മൃ
ഗവും, പ്രോട്ടസ്റ്റന്റ് സഭ അതിന്റെ പ്രതിമയും ആണെങ്കിൽ
ആ രണ്ടു സഭകളേയും പഴഞ്ഞി നിൽക്കുന്നവർ കണിശമായും ന
രകത്തിൽ വീഴേണ്ടിവരുമെന്നു ദൂതൻ പറയേണ്ടതാണ്. അ
ങ്ങിനെ പറവാൻദൂതന്ന് ധൈര്യമുണ്ടാകുമോ? റോമ്മാസയേ
ലോ, പ്രോട്ടസ്റ്റന്റ് സഭയിലോ ചേന്ന് നിൽക്കുന്നവർ നരകത്തി
ന്നിരയാകുമെന്ന് ജി. റ്റി. കമ്പനി വിശ്വസിക്കുന്നുവോ? ജി. റ്റി.
കമ്പനിയോട് ചേന്നിട്ടുള്ള ചുരുക്കം ചില ആളുകളും ആത്മ
ബോധിനി എന്നു പേരുള്ള ഒരു മാസികയും, ഈ നാട്ടിലുണ്ട്.
അവരിൽ ആരും ഈ വിധം പറയുകയില്ല എന്നു മാത്രമല്ല വി
ശ്വാസികൾ ഏതു കൂട്ടത്തിൽ നിന്നാലും മതിയെന്നാണ് അവർ
പറഞ്ഞുനടക്കുന്നതു്. മാത്രമല്ല ആത്മബോധിനിപ്പത്രത്തിൽ
സ്റ്റേപ്പാഫീൽഡ്, ബൂത്തു്, സ്റ്റാൻലിജോൺസ് മുതലായ പ്രോട്ടസ്റ്റ
ന്റുകാരെ വളരെ വിലപ്പെടുത്തിപ്പറയുന്നുമുണ്ട്. ഇതു് നോക്കു
മ്പോൾ സഹസ്രാബ്ദനിഷേധികളിൽ വച്ചു് വടക്കരോ, തെക്ക
രോ, ആരാണു് കമ്പനിവിശ്വാസനിലയിൽ വിശ്വസ്തതയോടു
നിൽക്കുന്നതു് എന്ന് അറിയാതെ ഞങ്ങൾ കുഴങ്ങുന്നു.

൨. മൃഗം പാപ്പാമതമല്ലെന്നുള്ളതിന്ന് വേറെയും തെ
ളിവുകളുണ്ട്. മൃഗത്തെ സംബന്ധിച്ച് വെളിപ്പാടിൽ പറയുന്ന
ഭാഗങ്ങൾ വായിച്ചാൽ മൃഗത്തിന്ന് ക്രിസ്തുനാമത്തോട് ബാഹ്യമാ
യിട്ടുള്ള സംബന്ധം പോലുമില്ലെന്ന് കാണാവുന്നതാണ്. നേരെ
മറിച്ച് റോമ്മാസഭ ക്രിസ്തുനാമത്തോട് സംബന്ധമുള്ള ഒരു ശ
ക്തിയായിട്ടത്രെ നമ്മുടെ അറിവിൽ ഇരിക്കുന്നതു് എന്നു പറയ
ണമെന്നില്ലല്ലൊ.

൩. ഗ്രീസിന്റേയും പേർഷ്യയുടേയും ബാബിലോ
ന്റേയും റോമ്മയുടേയും ഒരു സാമ്രാജ്യഘടനയാണ് മൃഗം (വെളി
൧൩:൨) റോമ്മാസഭയെ ഈ വിധത്തിൽ മഹാസാമ്രാജ്യശക്തി
യായി നാം കാണുന്നില്ല. മൃഗത്തിന്നധികാരം കൊടുത്തതു കൊ

ണ്ട് സർവ്വഭൂമിയും മഹാ സർപ്പത്തെ നമസ്കരിച്ചു എന്ന വചനത്തിൽ കാണുന്നു. റോമ്മാ സഭയ്ക്ക് അജ്ഞാന റോമ്മ അധികാരം കൊടുത്തതായൊ പാപ്പാധികാരത്താൽ വിസ്മയ പരവശരായ ഭൂവാസികൾ മഹാ സർപ്പമാകുന്ന അജ്ഞാന റോമ്മയെ നമസ്കരിച്ചതായോ ചരിത്രം കാണുന്നില്ല.

൪. മൃഗത്തിന്റെ തലയിൽ ഒന്നിന് മരണകരമായ മുറിവേററു. റോമാസഭയുടെ തലകളിൽ ഒന്നിനെങ്കിലും വിശേഷവിധിയായി ഒരു മുറിവു പററി എന്ന് പറവാനില്ല. മൃഗം ദൈവനാമത്തേയും ദൈവകൂടാരത്തേയും സ്വർഗ്ഗവാസികളേയും ദുഷിപ്പാൻ വായ് തുറന്നു. റോമ്മാസഭ ഇങ്ങനെ ചെയ്തതായി കാണുന്നില്ല.

൫. വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിപ്പാൻ മൃഗത്തിന് (ദൈവത്തിങ്കൽ നിന്ന്) അധികാരം ലഭിച്ചു. (വിശുദ്ധന്മാരോട് യുദ്ധം ചെയ്യുന്ന ഒരു പൈശാചിക ശക്തിയായി റോമ്മാ സിസ്സത്തേയും അതിനോടു ചേർന്ന നില്ക്കുന്നവരേയും കാഹളക്കമ്പനി ഗണിക്കുന്നില്ല). വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിപ്പാൻ വല്ല അധികാരവും റോമ്മാസഭയ്ക്ക് ദൈവത്തിങ്കൽ നിന്ന് കിട്ടിയതായി കാണുന്നുമില്ല. മാത്രവുമല്ല വിശുദ്ധന്മാർ എന്നിവിടെ കാണുന്നത് ക്രിസ്തീയ വിശുദ്ധന്മാർ അല്ലെന്നാണ് പല പ്രവചന വ്യാഖ്യാതാക്കളുടേയും അഭിപ്രായം. റോമ്മാസഭ യുദ്ധം ചെയ്തിട്ടുണ്ടെന്ന് പറയാമെങ്കിൽ അത് ക്രിസ്തീയ വിശുദ്ധന്മാരോടാണല്ലോ.

൬. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ പുസ്തകത്തിൽ പേരെഴുതീട്ടില്ലാത്ത ഭൂവാസികൾ അതിനെ നമസ്കരിക്കും എന്ന് മൃഗത്തെപ്പററി പറഞ്ഞിരിക്കുന്നു. റോമ്മാസഭയെ വണങ്ങി നിന്നവരോ വണങ്ങിനില്ക്കുന്നവരോ കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരെഴുതപ്പെടാത്തവരാണെന്ന് ധൃതന്നം കമ്പനിയും പറകയില്ല.

൭. അങ്ങനെ വന്നാൽ തന്നെയും ജീവ പുസ്തകത്തിൽ പേരെഴുതപ്പെടാത്ത ഭൂവാസികളൊക്കെയും റോമ്മയെ നമസ്കരിച്ചതായിട്ടും നമസ്കരിക്കുന്നതായും പറവാൻ നിവൃത്തിയില്ല.

൮. മൃഗം, യോഹന്നാന്റെ വെളിപ്പാടു കാലത്തിനു മുമ്പുണ്ടായിരുന്നാലും എന്നാൽ വെളിപ്പാടിന്റെ അതേ സന്ദർഭ

ത്തിൽ ഇല്ലാതിരുന്നതും മാത്രമല്ല മേൽ വരുവാനുള്ളതുമായിരുന്നു. (വെളി ൧൭: ൮, ൧൦, ൧൧) എന്നാൽ റോമ്മ സഭ ദർശനകാലത്തിന് മുമ്പുണ്ടായിരുന്നില്ല. അപ്പോസ്തോലന്റെ വെളിപ്പാട് കാലത്ത് ഇല്ലാതിരിക്കയും, പിന്നീട് അത് ഉണ്ടാകകയും ചെയ്തതുമല്ല.

൯. ഒരേ അഭിപ്രായമുള്ള പത്തു രാജാക്കന്മാർ തങ്ങളുടെ അധികാരത്തെ മൃഗത്തിന് ഏല്പിച്ചു കൊടുക്കുന്നു. ഇവർ കുഞ്ഞാടിനോട് പോരാടി തോൽക്കുന്നവരാണ്. കുഞ്ഞാടിനോട് പോരാടി തോററ പത്തു രാജാക്കന്മാർ തങ്ങളുടെ രാജ്യം റോമ്മാസഭയ്ക്കു ഏല്പിച്ചു കൊടുക്കുകയോ പ്രവചനത്തിൽ കാണുന്നതുപോലെ അവർ റോമ്മസഭയോടൊന്നിച്ച് രാജത്വം പ്രാപിക്കുകയോ ചെയ്തിട്ടില്ല.

൧൦. വെളി: ൧൭-ാം അദ്ധ്യായത്തിൽ കാണുന്ന വേശ്യ റോമ്മസഭ അഥവാ പാപ്പാമതമാണെന്ന് ഏവരും സമ്മതിക്കുന്നു. വേശ്യ പാപ്പാമതമാണെങ്കിൽ അവളെ ചുമക്കുന്ന മൃഗം (പാപ്പാമതം) ആയിരിപ്പാൻ പാടില്ല. കാരണം വേശ്യ വേറെ, വേശ്യയെ ചുമക്കുന്ന മൃഗം വേറെ.

൧൧. ൧൭-ാം അദ്ധ്യായം ൧൬-ാം വാക്യത്തിൽ മൃഗം വേശ്യയെ ദ്വേഷിച്ച് അവളെ ശൂന്യയും നഗ്നയും ആക്കി അവളുടെ മാംസം തിന്നുകളകയും അവളെ തീകൊണ്ട് ദഹിപ്പിക്കുകയും ചെയ്യുകയും എന്ന് പറഞ്ഞു കാണുന്നു. ഇതിൽ മൃഗം പാപ്പാമതമാണെങ്കിൽ പാപ്പാമതം പാപ്പാമതത്തെ ദ്വേഷിച്ച് അതിനെ ശൂന്യവും നഗ്നവുമാക്കി തീയിൽ ഇട്ട് ചുട്ടുകളയുമെന്ന് വിശ്വസിക്കേണ്ടതായി വരുന്നു. ഇത് സംഭാവ്യമാകുന്നതെങ്ങനെ?

൧൨. കള്ളപ്രവാചകനോടു കൂടി നാം മൃഗത്തെ ഒടുവിൽ ഗന്ധകത്തീപ്പൊയ്കയിലാണ് കാണുന്നത്. (വെളി ൨൦:൧൦) റോമ്മസഭ, പ്രോട്ടസ്റ്റാൻറു സഭയോടുകൂടി നരകത്തിൽ പതിക്കുമെന്നുള്ളതു് ദൃഢമായ് വിശ്വാസമില്ലാത്ത സ്ഥിതിക്ക് മൃഗം റോമ്മസഭയാണെന്നുള്ള അഭിപ്രായം ശരിയോ?

൧൩. രണ്ടാംമൃഗം, അഥവാ കള്ളപ്രവാചകൻ ഭൂവാസികളെ കൊണ്ട് ഒന്നാം മൃഗത്തെ നമസ്കരിപ്പിക്കുന്നു. പ്രോട്ടസ്റ്റാൻറുസഭ റോമ്മസഭയെ വണങ്ങുന്നതിന് ജനങ്ങളെ പ്രേരി

പ്പിക്കുന്നില്ലെന്നു മാത്രമല്ല, അതിന് മനസ്സുള്ളവരെ വിരോധിക്കുകയും ചെയ്യുന്നു.

മഹാസർപ്പം അജ്ഞാനറോമയല്ലെന്നും മൃഗം, റോമ്മാസഭ അഥവാ പാപ്പാമതം അല്ലെന്നും ഇത്രയും കൊണ്ടു തെളിഞ്ഞുവല്ലോ. മൃഗത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള ന്യായങ്ങൾ മിക്കതും, മൃഗത്തിന്റെ പ്രതിമയ്ക്കുകൂടി സംബന്ധിക്കുന്നതിനാൽ, മൃഗത്തിന്റെ പ്രതിമ പ്രൊട്ടസ്റ്റന്റ് മതമാണോ എന്നു് അന്വേഷിക്കേണ്ട ആവശ്യം ഇനി ഇല്ല. എങ്കിലും മൃഗത്തിന്റെ പ്രതിമയെ സംബന്ധിച്ച് ചെയ്തിട്ടുള്ള പ്രസ്താവനയിൽ, ദൂതന് ചില പിശകുകൾ പറ്റിയിട്ടുള്ളതായി കാണുന്നതു് പറവാൻ വായനക്കാർ ഞങ്ങളെ അനുവദിക്കുമെന്നു് വിശ്വസിക്കുന്നു. ദൂതൻ ഇങ്ങനെ പറയുന്നു: "പിന്നെ പ്രൊട്ടസ്റ്റന്റ് മതം ഉത്ഭവിച്ചു. അതു് ഒരു നല്ല പ്രവാചകൻ എന്ന വിധത്തിൽ ജനങ്ങളെ ദോഷമായ ആചാരങ്ങളിൽ നിന്നു് ഉദ്ധരിക്കുന്നതായി ആദ്യം ഇരുന്നെങ്കിലും പിന്നെ അതു് പാപ്പാമതത്തെ പോലെ തന്നെ സ്വന്തമായി പല ഉപദേശങ്ങളും ആചാരങ്ങളും ഉണ്ടാക്കി ജനങ്ങളെ തെറ്റിച്ചു കളയുന്ന കള്ള പ്രവാചകൻ അല്ലെങ്കിൽ മൃഗത്തിന്റെ പ്രതിമയായി തീർന്നു. മൃഗത്തിന്റെ വഞ്ചനയിൽ നിന്നു് തെറ്റി ഒഴിഞ്ഞ അനേകായിരം ജനങ്ങൾ മൃഗപ്രതിമയുടെ വഞ്ചനയിൽ പെട്ടു് അതിന്റെ ഉപദേശാചാരങ്ങളെ സ്വീകരിച്ചു് ദൈവത്തിൽ നിന്നു് അന്യപ്പെട്ടിരുന്നു."

പ്രൊട്ടസ്റ്റന്റ് മതത്തെ ഇവിടെ കള്ള പ്രവാചകൻ എന്നും, മൃഗത്തിന്റെ പ്രതിമയെന്നും ദൂതൻ നാമകരണം ചെയ്യുന്നു. ഈ പ്രകടനത്താൽ കള്ളപ്രവാചകനും, മൃഗപ്രതിമയും ഒന്നു തന്നെയാണെന്നാണ് ദൂതൻ ധരിച്ചിരിക്കുന്നതെന്നു് വരുന്നു. ഈ ധാരണ അബദ്ധം. കള്ളപ്രവാചകനും, മൃഗത്തിന്റെ പ്രതിമയും രണ്ടാണ്. (വെളി ൧൩:൧൫) നോക്കുക. ഈ വാക്യത്തിൽ കള്ളപ്രവാചകൻ മനുഷ്യരെക്കൊണ്ടു് മൃഗത്തിന്റെ പ്രതിമയെ നമസ്കരിപ്പിച്ചതായി കാണുന്നു. തന്നെ അല്ല കള്ളപ്രവാചകൻ നമസ്കരിപ്പിച്ചതു, പിന്നെയോ, മൃഗത്തിന്റെ പ്രതിമയെ ആണ്. അതുകൊണ്ടു് മൃഗത്തിന്റെ പ്രതിമയും കള്ളപ്രവാചകനും, രണ്ടാണെന്നു് വരുന്നു. മൃഗത്തിന്റെ പ്രതിമയ്ക്കു് ജീവനും, സംസാ

ശക്തിയും, കൊടുത്തത് കള്ളപ്രവാചകനാണ്. അതുകൊണ്ടു പ്രതിമ കള്ളപ്രവാചകനിൽ നിന്ന് ഇതരമായ ഒന്നാണെന്ന് വരുന്നു. എന്നുതന്നെയുമല്ല, പ്രതിമ, കള്ളപ്രവാചകൻ പറഞ്ഞിട്ട് ഭൂവാസികൾ ഉണ്ടാക്കിയതാണ്. തന്നെ ഉണ്ടാക്കുവാൻ കള്ളപ്രവാചകൻ ഭൂവാസികളോട് പറഞ്ഞു എന്ന് വിചാരിച്ചുകൂടാ. അതുകൊണ്ടു കള്ളപ്രവാചകനും പ്രതിമയും ഒന്നല്ലെന്ന് തീർച്ചപ്പെടുന്നു. വീണ്ടുവിചാരം കൂടാതെ കള്ളപ്രവാചകനും മൃഗത്തിന്റെ പ്രതിമയും, ഒന്നാണെന്ന് ദൂതൻ പല ഭാഗത്തും പ്രകടിപ്പിച്ചിട്ടുണ്ട്. ഈ വിധത്തിൽ പ്രവചനങ്ങളെ വ്യാഖ്യാനിക്കുന്നതിനു ദൂതൻ പുറപ്പെട്ടതിൽ നിർവ്യാജമായി ഞങ്ങൾ ദുഃഖിക്കുന്നു.

പ്രൊട്ടസ്റ്റന്റ് മതം മൃഗപ്രതിമയാണെങ്കിൽ മൃഗപ്രതിമയെ, അതായത് പ്രൊട്ടസ്റ്റന്റ് മതത്തെ ഉണ്ടാക്കുവാൻ ഭൂവാസികളോട് കല്പിച്ച കള്ളപ്രവാചകൻ അഥവാ ഭൂമിയിൽ നിന്നു വന്ന മൃഗം; ആരെന്നോ എന്തെന്നോ ദൂതൻ പറയേണ്ടതാണ്. ശരിയായ അറിവ് ലഭിക്കണമെങ്കിൽ മൃഗപ്രതിമ പ്രൊട്ടസ്റ്റന്റ് മതമല്ലെന്നും അതു സാക്ഷാൽ ഒരു പ്രതിമ മാത്രമാണെന്നും അതുകൊണ്ടാണ് അതിനെ തീപ്പൊയ്കയിൽ കാണാത്തതെന്നും കള്ളപ്രവാചകൻ മാത്രമേ സാത്താനോടും മൃഗത്തോടുംകൂടി ആ സ്ഥാനത്തേക്ക് പോകുന്നതായി പുസ്തകം പറയുന്നുള്ളു എന്നും ഇനിയെങ്കിലും ദൂതൻ മനസ്സിലാക്കിക്കൊള്ളട്ടെ.

യേശുവിന്റെ സാക്ഷ്യവും, ദൈവവചനവും നിമിത്തം ഭക്തന്മാർ ശിരഛേദം അനുഭവിച്ചത് മഹാസപ്ത്തിന്റെ, അഥവാ അജ്ഞാനറോമയുടെ കാലത്ത് ആണെന്ന് ദൂതൻ അല്ലാതെ, പുസ്തകം പറയുന്നില്ല. ഏതുകാലത്തും ദൈവമക്കൾ പീഢ അനുഭവിക്കുകയോ, രക്തസാക്ഷിമരണം ഏൽക്കുകയോ ചെയ്യുന്നതാണ്. മഹാസപ്ത്തിന്റെ കാലമെന്നോ, മറ്റേതെങ്കിലുമൊരു കാലമെന്നോ ഉള്ള വ്യത്യാസം ക്രിസ്തീയ പീഢയ്ക്കില്ല. ഏതുകാലത്തും ക്രിസ്ത്യാനികൾ പീഢ അനുഭവിക്കാതെ കഴികയില്ല. "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും." അതുകൊണ്ട് മഹാസപ്ത്തിന്റെ കാലം, മൃഗത്തിന്റെ കാലം, കള്ളപ്രവാചകന്റെ അഥവാ മൃഗപ്രതിമയുടെ കാലം എന്നിങ്ങനെ പീഢയ്ക്ക് ദൂതൻ കാലവിഭാഗം ചെയ്തത് നിർല്ലജ്ജം പിശകിലായിരിക്കുന്നു.

ദൂതന്ന് പൂൎവ്വാപരവിരുദ്ധം പ്രകടിപ്പിക്കാനും മടിയില്ല. പ്രൊട്ടസ്റ്റന്റു മതം പിടിച്ചുനിന്നതിനാൽ "ദൈവത്തിൽ നിന്നു അന്യപ്പെട്ടവരായി" എന്നു ഒരിടത്തും "സഭകളുടെ പ്രമാണങ്ങളെ ആചരിച്ചുകൊണ്ടും ദൈവമക്കളായി ജീവിക്കുന്ന ഒരു സ്ഥിതി ഉണ്ടായിട്ടുണ്ട്" എന്ന് വേറൊരിടത്തും "സഭാഉപദേശങ്ങളെ പിടിച്ചുകൊണ്ടും ദൈവമക്കളായി പലർ ജീവിച്ചു എന്നും മറ്റൊരിടത്തും" പറഞ്ഞുകാണുന്നു. ഇവ അന്യോന്യവിരുദ്ധമല്ലയോ?

ആത്മാക്കളെയും ഞാൻ കണ്ടു എന്ന് യോഹന്നാൻ പറയുന്ന ഭാഗവും ദൂതൻ വ്യാഖ്യാനിച്ചിട്ടുണ്ട്. കൊല്ലപ്പെട്ടവരുടെ ആത്മാക്കളെ കണ്ടു എന്നതിന് ശരീരമുള്ള മനുഷ്യരെ കണ്ടു എന്നാണ് ദൂതൻ അൎത്ഥം കൊടുക്കുന്നതു്. ഇതിൽ നിന്ന് കൊല്ലപ്പെട്ടാൽ ദേഹത്തിന് കേടൊന്നുമില്ലെന്നായിരിക്കാം സഹജീവി ധരിച്ചിരിക്കുന്നതു്. കൂടാതെ ജീവിച്ചു എന്നതിന് ക്രിസ്തീയജീവിതം ചെയ്തു എന്ന് അൎത്ഥമാണത്രേ. ഇതെല്ലാം നേരം പോക്കു തന്നെ. ശിരച്ഛേദം ചെയ്യപ്പെട്ടവരുടെ ആത്മാക്കളെ കണ്ടു എന്നു പറഞ്ഞാൽ കൊലപ്പെടുക നിമിത്തം ശരീരം പിരിഞ്ഞ ആത്മാക്കളെ കണ്ടു എന്നാണ് ഇയ്യുള്ളവരൊക്കെ മനസ്സിലാക്കുന്നതു്. ശിരച്ഛേദം ചെയ്യപ്പെട്ടാൽ ആത്മാവ് ശരീരത്തിൽ നിന്നു വേർപെടുമെന്നും പിന്നെ ഉയിൎപ്പുവരെ ആത്മാക്കൾ തനിയെ ഇരിക്കുന്നു എന്നുമാണ് ഞങ്ങൾ ധരിച്ചിരിക്കുന്നതു്. അവരെ കണ്ടു എന്നു പറഞ്ഞാൽ ദേഹരഹിതരായ ആത്മാക്കളെ കണ്ടു എന്നും, അവർ ജീവിച്ചു എന്നു പറഞ്ഞാൽ ആത്മാവ് ശരീരത്തോട് ചേൎന്നു വന്ന് ആളുകളായി ഉയിൎത്തു എന്നുമാണൎത്ഥം. തലഛേദിക്കപ്പെട്ടവർ മരിച്ചു എന്നും ആത്മാക്കൾ അവർ മരിച്ചപ്പോൾ അവരുടെ ശരീരം വിട്ടുപോയി എന്നും അവർ വീണ്ടും ജീവിക്കണമെങ്കിൽ ശരീരാത്മാക്കളുടെ അക്ഷരപ്രകാരമുള്ള ഒരു പുനൎഘടന ഉണ്ടാകണമെന്നുമുള്ളതു് നിസ്തൎക്കമത്രേ. അങ്ങനെയുള്ളൊരു പുനൎഘടനയെപ്പററി അഥവാ ഉയിൎപ്പിനെപ്പററിയാണ് യോഹന്നാൻ "അവർ ജീവിച്ചു" എന്ന് പറയുന്നതെന്ന് വായിക്കുന്ന ഏവൎക്കും തെളിവാകുന്നതാണ്. ദൂതന്റെ വ്യാഖ്യാനപ്പിശകുകൾ മനസ്സിലാക്കുന്നതിന് ദൂതനോട് ഏതാനും ചോദ്യങ്ങൾ ചോദിക്കട്ടെ.

൫. (എ) തലഛേദിക്കപ്പെട്ടവരുടെ ആത്മാക്കൾ എന്നുള്ള വാക്കിന് ശിരഃഛേദം കൊണ്ട് മരിച്ചു പോയവരുടെ ആത്മാക്കൾ എന്നു തന്നെയല്ലേ അർത്ഥം?

(ബി) ശിരഃഛേദം ചെയ്താൽ മരിച്ചുപോകുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടയോ?

(സി) തലഛേദിക്കപ്പെട്ട (മരിച്ചുപോയ)വർ ജീവിച്ചു എന്നു പറഞ്ഞാൽ ശരീരവും ആത്മാവും യോജിച്ച് അക്ഷരപ്രകാരം ഉയിർത്തു എന്നല്ലേ അർത്ഥം?

(ഡി) അക്ഷരപ്രകാരമുള്ള ഉയിർപ്പിന് പാപമരണത്തിൽ നിന്നുള്ള ഉയിർപ്പ് എന്നർത്ഥം കൊടുക്കുന്നത് ശരിയോ?

(ഇ) അക്ഷരപ്രകാരമുള്ള മരണത്തിന്റെ പിന്നാലെ വരുന്നത് അക്ഷരപ്രകാരമുള്ള ഉയിർപ്പല്ലയോ? അതോ, ആത്മിക ഉയിർപ്പാണോ?

(എഫ്) മരണശേഷം പാപമരണത്തിൽ നിന്നുള്ള ഉയിർപ്പ് ലഭിക്കാവുന്നതാണോ?

(ജി) അക്ഷരപ്രകാരമുള്ള മരണവും അതിന്റെ പിന്നാലെ അക്ഷരപ്രകാരമുള്ള ഉയിർപ്പും കഴിഞ്ഞാൽ പിന്നെ നടക്കുന്ന വാഴ്ച അക്ഷരപ്രകാരമുള്ള വാഴ്ചയായിരിക്കയില്ലയോ?

(എച്ച്) ഉയിർപ്പു കഴിഞ്ഞ ശേഷമുള്ള വാഴ്ചയും പാപമരണത്തിൽ നിന്ന് വിടുവിക്കപ്പെട്ട ശേഷം ചെയ്യുന്ന ക്രിസ്തീയ ജീവിതവും ഉപദേശപ്രകാരം രണ്ടല്ലയോ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ വായനക്കാർ ദൂതനെ നിർബന്ധിക്കുവിൻ.

രക്തസാക്ഷികളായ മരിച്ചവർ "ജീവിച്ച് ആയിരം ആണ്ടു ക്രിസ്തുവിനോടു കൂടി വാണു" എന്നുള്ള വാക്യാംശത്തെ വ്യാഖ്യാനിക്കുമ്പോൾ രക്തസാക്ഷികളുടെ മരണം എന്നത് അതിക്രമങ്ങളിലും പാപങ്ങളിലുമുള്ള മരണവും "മരിച്ചവർ ജീവിച്ചു" എന്നത് പാപജീവിതത്തിൽ നിന്ന് ക്രിസ്തീയജീവിതത്തിലേക്കു വന്നതുമാണെന്നു പ്രസംഗിച്ചതു കൂടാതെ "ആയിരമാണ്ടു വാണു" എന്നുള്ളത് നിശ്ചയമില്ലാത്ത ഒരു ദീർഘകാലയളവ് ജീവിതം ചെയ്തു എന്നുകൂടി ദൂതൻ വ്യാഖ്യാനിച്ചിരിക്കുന്നു. "ആയിരമാണ്ടു" എന്നു പറയുന്നത് ദൂതന്റെ അഭിപ്രായം പോലെ ഒരു നിശ്ചയ

മില്ലാത്ത ദീർഘകാല അളവു എന്നാൎത്ഥമാണോ എന്നും "ക്രിസ്തു
വിനോടുകൂടി വാണു" എന്നുള്ളതു് ക്രിസ്തീയജീവിതം ചെയ്തു എ
ന്നാൎത്ഥമാണോ എന്നും ഇനി നമുക്ക് നോക്കാം. ദൂതൻെറ വാ
ക്കുകളെ താഴെ പകൎത്തട്ടെ. "പാപത്തിൽ മരിച്ചവർ സഭകളി
ൽ വെച്ചും ജീവിക്കാൻ തുടങ്ങിയ ഇക്കാലംവരെയുള്ള ഒരു ദീ
ർഘകാല അളവിനെ കാണിക്കുന്നതായിട്ടാണു് ആയിരമാണ്ടു
എന്നു് വെളിപ്പാടിൽ (വെളി. ൨൦: ൪) പറഞ്ഞിരിക്കുന്നതു്. വെ
ളിപാടിലെ കാലസംഖ്യകളെ അക്ഷരപ്രകാരം എടുത്തുകൂടാത്ത
താകുന്നു. മൂന്നരവൎഷം (വെളി. ൧൨. ൧൪) മൂന്നരദിവസം (വെ
ളി. ൧൧:൧൧) കാലം (വെളി. ൬:൧൧) ഒരു നാഴിക (വെളി. ൧൭:
൧൨) ആയിരമാണ്ടു് (വെളി. ൨൦:൪) എന്നൊക്കെയും ഉള്ളതു് അ
ക്ഷരപ്രകാരം എടുക്കുന്നില്ല."

ദൂതൻെറ ഈ വ്യാഖ്യാനരീതി നല്ലതു തന്നെ. വേദപു
സ്തകത്തിലെ (വിശിഷ്യ വെളിപാടിലെ) കാലയളവുകൾ ഒന്നും
തന്നെ നിശ്ചയമുള്ളതല്ലപോൽ. ഒരു നിശ്ചയവും ഇല്ലാത്ത കാല
യളവിനെ ഇത്ര ആണ്ടു് ഇത്രമാസം ഇത്ര ആഴ്ച ഇത്ര ദിവസം
ഇത്ര നാഴിക എന്നൊക്കെ വിളിക്കുന്നതെങ്ങിനെ? നിശ്ചയമുള്ള
കാലയളവിനല്ലാതെ നിശ്ചയമില്ലാത്ത കാലയളവിനെ ആണ്ടും
ആണ്ടുമാസം ആഴ്ച ദിവസം നാഴിക ഇങ്ങനെ വ്യത്യാസപ്പെടു
ത്തിപ്പറയാറില്ല. നിശ്ചയമില്ലാത്തകാലയളവിനെ നിശ്ചയമില്ലാ
ത്തകാലയളവു് അഥവാ ദീൎഘകാലയളവു എന്നു പറയാവുന്നതാണു്.
ആണ്ടു്, മാസം, ആഴ്ച, ദിവസം, നാഴിക എന്നിങ്ങനെ പറയുന്നതി
നാൽ കാലയളവിനെ നിശ്ചിതസംഖ്യയോടു് ഘടിപ്പിക്കയല്ലെയോ
ഹന്നാൻ അപ്പോസ്തലൻ ചെയ്യുന്നതു്. ആണ്ടിന് ആണ്ടെന്നല്ലാ
തെ മാസം എന്നു് പറകയോ മാസത്തിന് മാസം എന്നല്ലാതെ ദിവ
സം എന്നു് പറകയോ ചെയ്യാത്തതുകൊണ്ടു് ആത്മാവു് ആണ്ടു് എ
ന്നു പറഞ്ഞാൽ ആണ്ടെന്നും മാസം എന്നു പറഞ്ഞാൽ മാസം എ
ന്നും ദിവസം എന്നു പറഞ്ഞാൽ ദിവസം എന്നും നാഴിക എന്നു്
പറഞ്ഞാൽ നാഴിക എന്നും ധരിക്കയല്ലാതെ, ദൈവം മനുഷ്യരെ
പറ്റിക്കാൻവേണ്ടി നാഴികയ്ക്കു് ആണ്ടെന്നോ മറ്റും പറഞ്ഞതുകളു
ണ്ടെന്നായി വിചാരിക്കാൻ ന്യായമില്ല. നമ്മെ കബളിപ്പിക്കു
ന്നതിനായിട്ടല്ല, തൻെറ വചനം കൎത്താവു് എഴുതിച്ചിരിക്കുന്നു

ള്. അവൻ പറഞ്ഞാൽ പറഞ്ഞതു തന്നെ; വ്യത്യാസമില്ല. ദ
തന്റെ അഭിപ്രായപ്രകാരമാണെങ്കിൽ തന്റെ ആശയത്തെ മ
റച്ചു വേറൊന്ന് സംസാരിക്കുന്നവനാണ് ദൈവം. ഞങ്ങൾ ദൈ
വത്തെക്കുറിച്ച് അങ്ങിനെ ധരിച്ചിട്ടില്ലായ്കയാലാണ്, ആയി
രം ആണ്ട് എന്നു താൻ പറയുമ്പോൾ ഞങ്ങളും അതിനെ ആ
യിരം ആണ്ടു എന്നുതന്നെ മനസ്സിലാക്കുന്നതു്. തന്റെ കണക്കു
ങ്ങൾ തെററിദ്ധരിച്ച് അന്യോന്യം ശരിക്കുടുത്തക്ക വിധത്തി
അവരുടെ നടുവിൽ വാക്കിടത്തക്ക കാറിന്യം. ദൈവഹൃദയത്തി
നാണെന്നു ദൂതൻ വിചാരിച്ചിട്ടുണ്ടെങ്കിൽ അതു് വളരെ അബദ്ധ
ം തന്നെ. വെളിപാടിൽ പറഞ്ഞിരിക്കുന്നതായി ദൂതൻ എടുത്തു
പറഞ്ഞിരിക്കുന്ന കാലഅളവുകൾ എല്ലാം അക്ഷരപ്രകാരം എ
ടുക്കുന്നതിന് തടസ്ഥമില്ലാത്തതാണ്. വെളി. ൧൧:൩-ൽ പറ
യുന്ന മൂന്നരവർഷം മൂന്നരവർഷം തന്നെ. വെളി. ൧൨:൧൪-ൽ പറ
യുന്നമൂന്നരദിവസവും മൂന്നരദിവസംതന്നെ. (വെ. ൧൧:൯) ൽ കാലം എ
ന്നു പറയുന്നതു് ദൂതന്റെ പുസ്തകത്തിലായിരിക്കാം. ൧൭:൧൨ ൽ പ
റയുന്ന നാഴികയും അക്ഷരപ്രകാരമെന്ന് ഞങ്ങൾ തീർച്ചയാക്കുന്നു.
ഞങ്ങളുടെ ഈ സിദ്ധാന്തത്തിനുള്ള ബാധകന്യായങ്ങൾ പ്രസ്താവി
പ്പാൻ ഞങ്ങൾ ദൂതനെ വിളിക്കുന്നു. ദൂതൻ ഈ പട്ടിക എഴുതിയ
പ്പോൾ വെളിപാട് ൧൭:൧൨-ൽ കാണുന്ന ഒരു നാഴിക എന്ന
തു ഗ്രീക്കിൽ ഹോറാ എന്നുള്ള പദമാണെന്നും അതിനു ഒരു
കാലയളവ് എന്നർത്ഥമാണെന്നും മൂലഭാഷ നോക്കി അറിയാഞ്ഞ
തു് ദൂതന്റെ ഘനമായ ഒരു പിശകുതന്നെ.

“വാഴ്ച” എന്നുള്ള പദത്തിന് ക്രിസ്തീയ ജീവിതം എ
ന്നു എന്നർത്ഥമാണ് ദൂതൻ ധരിച്ചിരിക്കുന്നതു്. എന്നാൽ ക്രിസ്തീ
യ ജീവിതവും വാഴ്ചയും രണ്ടാണെന്നുള്ളതിന് സംശയമില്ല. ഉ
പദ്രവവും കഷ്ടതയുമുള്ള ജീവിതമാണ് ക്രിസ്തീയ ജീവിതം. വാഴ്ച
ഉപദ്രവവും കഷ്ടതയും ഇല്ലാത്തതത്രേ. ലോകം ജഡം പിശാചു്
ഇവ മൂന്നും കീഴടങ്ങുന്നതിനു വേണ്ടി ഈ ആയുസ്സ് മുഴുവനും
പോരാടിക്കൊണ്ടിരിപ്പാൻ ആവശ്യമുണ്ട്. ഉയിർത്തെഴുന്നേല്പ് കഴി
ഞ്ഞ ശേഷമാണ് വാഴ്ച. “ജയിക്കുന്നവൻ എന്നോടു കൂടെ വാ
ഴും” എന്നല്ലാതെ ജയത്തിന് മുമ്പ് വാഴുമെന്ന് വചനമില്ല. ന
മ്മുടെ അന്ത്യംവരെയുള്ള ഈ പോരാട്ടത്തിൽ തോററുപോകാ

ത്തെ വിജയികളായി ന്യായാസനത്തിന് മുമ്പാകെ കാണപ്പെടണം.
അപ്പോൾ ഭാവിയുഗത്തിലെ വാഴ്ചയുള്ള അധികാരം നമുക്കു ലഭി
ക്കുന്നതായിരിക്കും. ഇതു ഗണിക്കാതെ ഈ ആയുസ്സിലെ യുദ്ധത്തി
നിടയ്ക്കു വാഴുവാൻ ബദ്ധപ്പെടുന്നവന് പോരിനും വാഴ്ചയ്ക്കും
സൗകര്യമില്ലാതെ അവൻ ഉദയഭ്രഷ്ടനായി വീണുപോകുന്ന
താണ്. തന്നെയുമല്ല, കിരീടം കിട്ടാതെ വാഴുന്നതെങ്ങനെ? ക്രിസ്തു
വന്ന് നമ്മുടെ പ്രവൃത്തികൾ പരിശോധിച്ചശേഷമേ നമുക്ക്
അവൻ കിരീടം തരികയുള്ളൂ. അതിന് മുമ്പ് ക്രിസ്തുപ്രാണി ഈ
ലോകത്തിൽ വാഴുന്നത് അസാദ്ധ്യം എന്ന് തീർച്ചതന്നെ. ദൈവ
മക്കൾ ലോകത്തെ ജയിച്ചും ശരീരത്തെ ജയിച്ചും പാപത്തെ ജ
യിച്ചും വ്യാജോപദേശങ്ങളെ ജയിച്ചും വരുന്നതുകൊണ്ട് വാഴ്ച
ഇപ്പോൾ ആണെന്നാണ് ദൂതന്റെ അഭിപ്രായം. (സ്വ:ദൂ:പുറം)
ജയിച്ച് ജയിച്ച് വരുന്നു എന്ന് പറഞ്ഞതുകൊണ്ട് ഒരു ക്രിസ്തുപ്രാ
ണിയുടെ ജയം പൂർത്തിയായി എന്ന് പറവാൻ പാടില്ല എന്നാ
ണ് ഞങ്ങൾക്ക് ഇതിനു മറുപടിയായി പറവാനുള്ളത്. ജയം പൂ
ർത്തിയായ ശേഷമേ പോർ അവസാനിക്കുകയും വാഴ്ചക്കായുള്ള
കിരീടം കിട്ടുകയും ചെയ്യുകയുള്ളൂ. അതിനാൽ കുറേശ്ശ കുറേശ്ശ ജയി
ച്ചു വരുന്നു എന്ന് പറയുന്നതുകൊണ്ട് ഇപ്പോൾ വാഴ്ച നടന്നു
വരുന്നതായി സാധിയ്ക്കാമെന്നുള്ളത് ദൂതന്റെ അതിമോഹമത്രേ.
സൂക്ഷിക്കണം. ഇപ്പോൾ ക്രിസ്തു നമ്മളിൽ വാഴുന്നതല്ലാതെ ദൂത
ൻ പറയുന്നതുപോലെ ക്രിസ്തുവിനോടുകൂടി നാം ഇപ്പോൾ വാഴു
ന്നില്ല. ക്രിസ്തുവിനോടുകൂടി വാഴുന്ന ഒരു വാഴ്ച ഇനിമേൽ ഉ
ള്ളതായിട്ടാണ് വെളിപ്പാടിൽ പറയുന്നത്. അത് ഒരു സാന്മാ
ർഗ്ഗിക വാഴ്ച അല്ല പണമോ ലോകരാജ്യങ്ങളെ അടക്കിയുള്ളതോ
ഒരു സ്വർഗ്ഗീയ വാഴ്ചയത്രെ. ദൈവരാജ്യം ഇപ്പോഴാണെന്നു
ള്ളതിന് ദൂതൻ അടുത്ത ഖണ്ഡികയിൽ ചില വാക്യങ്ങൾ
ഉദ്ധരിച്ചിരിക്കുന്നെങ്കിലും ദൈവമക്കൾ വാഴുന്ന ഭാവിയായ ദൈ
വരാജ്യത്തെപ്പറ്റിയുള്ള വേദവാക്യങ്ങളെ മറപ്പാൻ ദൂതനു കഴി
യുന്നില്ല. അവ സഹജീവിയെ പ്രസംഗമദ്ധ്യേ തടഞ്ഞു നിർത്തി
യിരിക്കുന്നു. അതിനാൽ നമുക്ക് എന്തു ധരിപ്പാൻ കഴിയും?
ദൈവരാജ്യം എന്ന വാക്കിനെപ്പറ്റിയുള്ള വിവരണം എന്തുത
ന്നെ ആയിരുന്നാലും ആയുസ്സ് പര്യന്തമുള്ള നമ്മുടെ പോർ അവ

സാനിക്കയും ഭാവിയിൽ നമ്മുടെ കർത്താവു് എഴുന്നെള്ളി നമുക്ക് ജയകിരീടം നൽകുകയും ചെയ്തു ശേഷമെ നമുക്കു രാജ്യവാഴ്ച ലഭിക്കയുള്ളൂ എന്നത്രെ. താഴെ വരുന്ന വേദവാക്യങ്ങൾ നോക്കുക. ദാനി ൭: ൨൭; സങ്കീ: ൩൭:൨൯; ൩൪; മത്തായി ൫:൫; വെളി ൧൧: ൧൫—൧൬; ൧൨:൧൦; ൫:൧൦; ൨൦: ൪; ൬; ലൂക്ക ൨൨:൨൯; ൧൬:൨൮; ൩൦; മത്താ ൧൯:൨൮; ൨൯; ഇത്യാദി,

വാണു എന്നും വാഴും എന്നും വെളി ൨൦-ൽ കാണുന്നവ രണ്ടു വാക്കുകളെ ദൂതൻ വ്യാഖ്യാനിക്കുന്നതും പിശകുതന്നെ. വാണു എന്നുള്ളത് ഭാവിസംഗതിയെ ദർശനത്തിൽ യോഹന്നാൻ കണ്ടു കഴിഞ്ഞ രീതിക്കു പറകയത്രെ. വാഴും എന്നതോ ദർശനത്തെ വിവരപ്പെടുത്തി പ്രസംഗരൂപേണ പ്രസ്താവിച്ചതുമാണ്.

തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ദൂതൻ ഏതാനും ചരിത്രപുസ്തകങ്ങളിൽ നിന്ന് സാക്ഷ്യങ്ങൾ എടുത്ത് സഹസ്രാബ്ദവാഴ്ചയെ നിരാകരിപ്പാൻ ഉദ്യമിക്കുന്നു. നിഷ്പ്രയോജനമായി കഷ്ടപ്പെട്ട ഈ പരിശ്രമത്തെ കൂടി വിമർശിച്ചിട്ട് ഈ നിരൂപണത്തെ അവസാനിപ്പിക്കണമെന്ന് ഞങ്ങൾ വിചാരിക്കുന്നു.

ആദ്യം വലിയ അധികാരസാക്ഷ്യമായി കൊണ്ടുവരുന്നത് ഡോക്ടർ നിയാണ്ഡറിന്റേതാണ്. എന്നാൽ അദ്ദേഹം ആയിരം ആണ്ടു വാഴ്ച തെറ്റാണെന്നു പറയുന്നില്ല. "മശിഹാ ഒരായിരക്കൊല്ലം ഭൂമിയിൽ വാഴുമെന്നൊരു വിചാരം യഹൂദന്മാരിൽ ശക്തിപ്പെട്ടുവന്നു. ഈ വിചാരം ക്രിസ്തീയ മതത്തിലേക്ക് നുഴഞ്ഞു കയറി എന്നു മാത്രമെ അദ്ദേഹം പറയുന്നുള്ളൂ. ഈ വാചകങ്ങളിൽ നിന്ന് എന്താണ് കാണുന്നതു്? യഹൂദന്മാരുടെ ഇടയിൽ പരമ്പരയാ നടന്നുവന്നതായ അഭിപ്രായം ക്രിസ്തീയ മതത്തിൽ കടന്നുവന്നു * എന്നു മാത്രമാണ്.

---

* ദൂതന്റെ ഈ സാക്ഷ്യങ്ങൾ ജി. റി. കമ്പനിവക (The kingdom of God and the one thousand years' reign) എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ നിന്നു തർജ്ജമ ചെയ്തു ചേർത്തവയാണ്. ഈ പുസ്തകം ഞങ്ങളുടെ കൈവശം ഉണ്ടു്. നുഴഞ്ഞു കയറി എന്നുള്ള ദൂതന്റെ തർജ്ജമക്ക് "passed over" കടന്നുവന്നു എന്നാണ് അതിൽ കാണുന്നതു്.

യഹൂദന്മാരിൽ നിന്നു ഉപദേശം കടന്നുവന്നു എന്നുള്ളതുകൊണ്ട് ആ ഉപദേശം ആക്ഷേപാർഹമെന്നു വരികയില്ല. അങ്ങിനെയെങ്കിൽ ക്രിസ്ത്യാനികൾക്കു ഏകദൈവത്തെക്കുറിച്ചുള്ള അറിവു കിട്ടിയതു യഹൂദന്മാരിൽ നിന്നല്ലയോ? അതു ആക്ഷേപാർഹമെന്നുവരുമോ? ദൈവത്തിന്റെ നീതിമത്വം, ദയ, പാപത്തോടുള്ള തന്റെ വെറുപ്പ് ഇവ യഹൂദന്മാർ നമുക്കു തന്നതാണ്. പാപോല്പത്തി, യാഗത്താലുള്ള പാപപരിഹാരം, വിഗ്രഹാരാധനയുടെ പാപത ഇവ യഹൂദന്മാരിൽ നിന്നു കിട്ടിയതുതന്നെ. ദൂതൻ ആലോചിക്കട്ടെ. ഉപദേശങ്ങൾ മാത്രമല്ല മശിഹാ തന്നെയും യഹൂദന്മാർ വഴി വന്നതാണ്. അപ്പോസ്തലന്മാരും യഹൂദന്മാരത്രെ. സഭാസ്ഥാപനത്തിനുള്ള അടിസ്ഥാന സത്യങ്ങൾ, വിവിധപ്രവചനങ്ങൾ, അവയുടെ നിവൃത്തികൾ, ഇവയെല്ലാം യഹൂദന്മാരിൽനിന്നു കിട്ടിയതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചവർ എന്നാണ് യഹൂദനായ പൌൽ യഹൂദന്മാരെക്കുറിച്ചു പറയുന്നതു. അതുകൊണ്ടു യഹൂദന്മാരുടെ ഇടയിൽ ഒരു ദിവ്യസത്യം പരമ്പരയാ നടന്നുവരികയും ക്രിസ്തുമാർഗ്ഗത്തിൽ അതു കടന്നുകൂടുകയും ചെയ്താൽ യാതൊരു ദോഷവും ഇല്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു. അതിനാൽ നിയാണ്ടറിന്റെ സാക്ഷ്യം ആയിരമാണ്ടു വാഴ്ചയ്ക്കു ഒരു വിരുദ്ധ സാക്ഷ്യമായി വരുന്നതല്ല.

ദൂതന്റെ രണ്ടാം സാക്ഷ്യത്തിൽ സെരിന്തസ്സിന്റെ സംഗതി കാണുന്നു. സെരിന്തസ് ജഡീക സന്തോഷങ്ങളോടുകൂടിയതും [illegible]ല്ല. [illegible]രുടേയും പുനരുത്ഥാനത്തിനു ശേഷമുള്ളതും മഹമ്മദീയരുടെ പറുദീസപോലുള്ളതുമായ ഒരു സഹസ്രാബ്ദത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളതു. ഈ സഹസ്രാബ്ദത്തിൽ ഞങ്ങൾക്കു വിശ്വാസമില്ല. ദൂതനും ജി. റവി. കമ്പനിയും വേറൊരു മാതിരി സഹസ്രാബ്ദത്തെ ഉപദേശിക്കുന്നു. (ദൂതൻ ലക്കം ൧ പുറം ൧) അതും ഞങ്ങൾ വിശ്വസിക്കുന്നില്ല. സെരിന്തസ്സിന്റെയും ജി. റവി കമ്പനിയുടേയും സഹസ്രാബ്ദങ്ങൾ രണ്ടിനേയും തള്ളിയും വച്ചു ഞങ്ങൾ വിശ്വസിക്കുന്നതു യോഹന്നാൻ അപ്പോസ്തലൻ വെളിപാടിൽ ദർശിച്ചിരിക്കുന്ന സഹസ്രാബ്ദത്തെ മാത്രമാണ്. ഞങ്ങൾ

പറയുന്ന സഹസ്രാബ്ദത്തെ എതിൎത്തു് യാതൊന്നും യൂസീബിയസ് ഈ സാക്ഷ്യത്തിൽ പറഞ്ഞിട്ടില്ല. അങ്ങനെയിരിക്കെ ഇതു സാക്ഷ്യംകൊണ്ടുവന്നതു് അനാവശ്യമല്ലയോ? വേറൊരു വിധത്തിൽ ഇനി ആലോചിക്കാം. ഞങ്ങൾ വിശ്വസിക്കുന്നതുപോലെയുള്ള സഹസ്രാബ്ദത്തെ തന്നെ സെറിന്തസ് ഉപദേശിച്ചു എന്നിരിക്കട്ടെ. അങ്ങനെയായാൽ അതു സ്വീകരിക്കുന്നതിനെന്തു ദോഷം? ഒരു ദുരുപദേഷ്ടാവു് പറയുന്നതു് എല്ലാം ദുരുപദേശമാകി വരണമെന്നില്ലല്ലോ. ആയിരമാണ്ടു് വാഴ്ച ഇല്ലെന്നു് പഠിപ്പിക്കുന്നവരായ ജി. റവി. കമ്പനിക്കാർ തന്നെയും ചില നല്ല ഉപദേശങ്ങൾ പഠിപ്പിക്കുന്നുണ്ടു്. അവയെ ആരും സ്വീകരിച്ചുകൂടെയോ? ഒരു ദുരുപദേശം ഉള്ളതുനിമിത്തം മററുള്ള നല്ല ഉപദേശങ്ങളെക്കൂടി നിഷേധിക്കണമെന്നുണ്ടോ? ഒരിക്കലുമില്ല. അതിനാൽ സെരിന്തസ് ശരിയായ ആയിരം ആണ്ടു് വാഴ്ചയാണു് ഉപദേശിച്ചതെങ്കിൽ ഞങ്ങൾ അതിനെ കൈക്കൊള്ളുന്നു. അതുകൊണ്ടു് ഞങ്ങൾ കുററക്കാരായി വരികയില്ല. എന്നാൽ സെരിന്തസ്സ് ശരിയായ ആയിരം ആണ്ടുവാഴ്ച ഉപദേശിച്ചിട്ടില്ലെന്നാണു് ഞങ്ങളുടെ അറിവു്. ഇതിന് ദൂതൻ കൊണ്ടുവന്നിരിക്കുന്ന ഗ്രെഗറി, വുട്ടേഴ്സ് എന്നിവരുടെ സഭാചരിത്രം തന്നെ തെളിവാകുന്നു.

മൊഷീമിൻെറ ചരിത്രം ദൂതൻ എടുത്തു കാണിച്ചിരിക്കുന്നു. അതും മേല്പടി വകപ്പടിതന്നെ. മൊഷീമിൻെറ വേറെ ഒരു സാക്ഷ്യം ഞങ്ങൾ ഹാജരാക്കാം. "ലോകാവസാനത്തിൽ അതായതു് അതു നിശ്ശേഷം നശിക്കുന്നതിന് മുമ്പ് ക്രിസ്തു വന്നു് മനുഷ്യരുടെ ഇടയിൽ ആയിരമാണ്ടു് വാഴേണ്ടതാണെന്നുള്ള പ്രബലമായ അഭിപ്രായത്തെ ഓറിഗൻെറ കാലത്തിന് മുമ്പായി ആരും എതിൎത്തിട്ടില്ല. മൊഷീമിൻെറ സഭാചരിത്രം ൧ വാല്യം ൮൯-ാം പുറം.

സെരിന്തസ്സിനെ വിട്ടുകളഞ്ഞാൽപ്പിന്നെ കാണുന്നതു് ബ്രിട്ടാനിക്കായുടെ സാക്ഷ്യമാണു്. "അവസാന കാലമാണു് ക്രിസ്തീയ കാലമെന്നു് പൂൎവ്വക്രിസ്ത്യാനികൾ വിശ്വസിച്ചപ്പോൾ" അതിനെന്തു്? എങ്കിലും ആയിരമാണ്ടു് വാഴ്ചയില്ലെന്നു് അവർ വിശ്വസിച്ചിരുന്നു എന്നു് ഒരു ബ്രിട്ടാനിക്കായും പറഞ്ഞിട്ടില്ല. പിന്നെയും സെരിന്തസിനെ കുറിച്ചുള്ള സാക്ഷ്യമാണു്. അതു് വി

കളയുന്നു. ഓറിജൻ സഹസ്രാബ്ദവാഴ്ചയെ എതിർത്തിട്ടുണ്ടെന്നു പറയുന്നതു് ശരി. അതു് വേദവചനങ്ങളുടെ അക്ഷരാർത്ഥത്തെ നിഷേധിക്കയായാണു്. ഓറിജൻ മുഖാന്തരം ഉണ്ടെന്നുകൂടി സ്ഥാപിച്ചിട്ടുള്ള സംഗതി ദൂതൻ അറിയുന്നില്ല.

ഓറിജന്റെ കാലം നാലാംനൂററാണ്ടാണു്. ക്രിസ്തീയസഭ മുന്നൂറുവർഷം ഒരുപോലെ വിശ്വസിച്ചു വന്നിരുന്ന സംഗതി ഓറിജൻ ഒരാൾ എതിർത്തിട്ടുണ്ടെങ്കിൽ അതു് അദ്ദേഹത്തിന്റെ പിശകെന്നു മാത്രമേ വരികയുള്ളു. സ്തേഫാനിന്റെ സാക്ഷിയിലും ആദ്യസഭ സഹസ്രാബ്ദത്തെ വിശ്വസിച്ചിരുന്നില്ലെന്നു് പറയുന്നില്ല.

ആയിരം ആണ്ടു് എന്നിങ്ങനെ വാഴ്ചയുടെ സമയത്തെ ക്ലിപ്തപ്പെടുത്തി യേശുവും അപ്പോസ്തലന്മാരും പറഞ്ഞിട്ടില്ലെന്നു ബ്രിട്ടാനിക്കാ പറഞ്ഞിട്ടുണ്ടെങ്കിൽ അതു് സുവിശേഷങ്ങളേയും ലേഖനങ്ങളേയും സംബന്ധിച്ചിട്ടു മാത്രമാണു്. ആയിരം ആണ്ടു് വാഴ്ച എന്നിങ്ങനെ വാഴ്ചയുടെ കാലത്തെ ക്ലിപ്തപ്പെടുത്തി വെളിപാടുകാരനായ യോഹന്നാൻ പറഞ്ഞിട്ടില്ല എന്നു ബ്രിട്ടാനിക്കാ പറഞ്ഞിട്ടുണ്ടോ? ഇല്ല. നീപ്പോസ് വെളിപാടുപുസ്തകം കൊണ്ടു് ആയിരം ആണ്ടുവാഴ്ചയെ സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നു് യൂസീബിയസ് പറയുന്ന സാക്ഷ്യമാണു് ഒടുവിലത്തേതു്. ഈ സാക്ഷ്യംകൊണ്ടും ദൂതനു് ഒരു ഗുണവും വരുന്നില്ല. അക്കാലങ്ങളിലെ ഇടത്തട്ടുകാർകൂടി സ്വീകരിക്കത്തക്കവണ്ണം ആയിരമാണ്ടു് വാഴ്ചയെപ്പററിയുള്ള ഉപദേശം അന്നു സർവസാധാരണമായിരുന്നു എന്നു മാത്രമേ ഇതിനാൽ തെളിയുന്നുള്ളു. അതിനാൽ ആദ്യസഭ ആയിരം ആണ്ടുവാഴ്ചയെ വിശ്വസിച്ചിരുന്നില്ലെന്നു് തെളിയിപ്പാൻ ദൂതൻ കൊണ്ടുവന്നിട്ടുള്ള ഒരു ചെറിയ സാക്ഷ്യംപോലും സ്വപക്ഷസാധ്യത്തിനു് ഉപയോഗപ്പെടുന്നില്ലെന്നു സ്പഷ്ടമാകുന്നു.

ഒടുവിലായി വെളിപാടുകാരനായ യോഹന്നാന്റെ ദർശനം അനുസരിച്ചു് അക്ഷരപ്രകാരമുള്ള ഒരു സഹസ്രാബ്ദവാഴ്ചയ്ക്കു ആദ്യസഭ പ്രത്യാശയോടെ കാത്തിരുന്നു എന്നുള്ളതിനു ഏതാനും ചരിത്രസാക്ഷ്യങ്ങൾ കാണിച്ചുകൊണ്ടു ഈ നിരൂപണത്തിൽ നിന്നു് ഞങ്ങൾ വിരമിക്കുന്നു.

സഭാചരിത്രകാരന്മാരിൽ പ്രഥമ ഗണനീയനായ മൊ
ഷീം പറയുന്നതു്:—ലോകത്തിന്റെ അവസാന വിനാശത്തിനു
മുമ്പായി ക്രിസ്തു മനുഷ്യരുടെ ഇടയിൽ വന്നു് ആയിരം ആണ്ടു വാ
ഴേണ്ടതാകുന്നു എന്നുള്ള പ്രബലമായ അഭിപ്രായം ഓറിജന്റെ കാല
ത്തിനു മുമ്പു ആരും എതിൎത്തിട്ടില്ല.

Mosheim's Church History Vol I. P. 89.

ഗീസലർ എന്ന സഭാചരിത്രകാരന്റെ സാക്ഷ്യം:—സ
ഹസ്രാബ്ദ വിശ്വാസം പൊതു വിശ്വാസമായിരുന്നു എന്നു
നിസ്സംശയം പറയത്തക്കവണ്ണം അതിനു ആദ്യത്തെ രണ്ടു നൂററാ
ണ്ടുകളിൽ അതി പ്രാമുഖ്യം ഉണ്ടായിരുന്നു.

Giesler's Church History Vol I P. 215

ഈ വിശ്വാസയോഗ്യമായ സാക്ഷ്യങ്ങൾ രണ്ടും പരിശോധിക്കു
മ്പോൾ സഹസ്രാബ്ദവിശ്വാസം കാതോലിക (പൊതുവിനടു
ത്ത) വിശ്വാസമായിരുന്നു എന്നു് ആൎക്കു സംശയിപ്പാൻ കഴിയും?
ചില്ലിങ്ങ്വൎത്തു് എന്ന മഹാൻ പറയുന്നതാവിതു്:—"സഭയുടെ
ഏതൊരു കാലത്തെങ്കിലും ജീവിച്ചിരുന്ന സുപ്രധാന പിതാക്ക
ന്മാർ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്ത ഏതെങ്കിലും ഒരു
പദേശത്തെ അവരുടെ സമകാലീനന്മാർ എതിൎക്കാതെയും കു
ററം വിധിക്കാതെയുമിരുന്നാൽ ആ ഉപദേശം സഭയുടെ പൊ
തു ഉപദേശമായി മതിക്കേണ്ടതാണു്. എന്നാൽ അപ്പോസ്തു
ലകാലത്തോടു അടുത്തു ജീവിച്ചിട്ടുള്ള എത്രയും സുപ്രധാന പി
താക്കന്മാർ സഹസ്രാബ്ദോപദേശത്തെ വിശ്വസിക്കയും പഠി
പ്പിക്കയും ചെയ്തിട്ടുള്ളതുകൊണ്ടും അക്കാലത്തുള്ള ആരും അതി
നെ എതിൎക്കയോ കുററം വിധിക്കയോ ചെയ്തിട്ടില്ലാത്തതിനാലും
അതു് ആ കാലങ്ങളിലെ കാതോലിക ഉപദേശമായിരുന്നു എ
ന്നു തീൎച്ചപ്പെടുന്നു"

Chillingworth's Works Phila Edit. 1844 P. 730.

സ്റ്റാക്ക്ഹൌസ്:—സഹസ്രാബ്ദോപദേശത്തിനു പുരാ
തനത്വമുണ്ടെന്നുള്ളതു മാത്രമല്ല അതു ആദ്യ കാലത്തു വേദാന്തജ്ഞാ
നികളായ എല്ലാം ക്രിസ്ത്യാനികളുടേയും പൊതു അഭിപ്രായം ആ
യിരുന്നു എന്നുള്ളതും വിസമ്മതിപ്പാൻ പാടില്ല.

Complete Body of Divinity Vol. I P. 597.

ബിഷപ്പ് ന്യൂട്ടൻ പറയുന്നത്:—സഹസ്രാബ്ദ വാഴ്ചയെ കുറിച്ചുള്ള ഉപദേശം (ഇന്നു സഹസ്രാബ്ദക്കാർ വിശ്വസിക്കുന്നതുപോലെതന്നെ) സഭയുടെ ഏററവും നിർമ്മലമായ ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നു.

Dissertations on the Prophecies P. 527.

ബിഷപ്പ് റസ്സൽ പറയുന്നത്:—ബിഷപ്പ് റസ്സൽ ഒരു സഹസ്രാബ്ദ വിരോധി എങ്കിലും താഴെ വരുന്ന പ്രകാരം പറഞ്ഞിരിക്കുന്നു "ആദി മുതൽ നാലാം നൂററാണ്ടിന്റെ ആരംഭം വരെയും സഹസ്രാബ്ദ വിശ്വാസം സർവ്വസാധാരണവും അവിതർക്കിതവുമായിരുന്നു.

Discourse on the Millennium P. 236.

ഗിബ്ബൺ എന്ന ചരിത്രകാരന്റെ അഭിപ്രായം:— അപ്പോസ്തലന്മാരുടെ അടുത്ത ശിഷ്യന്മാരോട് നേരിട്ട് സംസാരിച്ചിട്ടുള്ള ജസ്റ്റിൻമാർട്ടർ, ഐറീനിയസ്, എന്ന പിതാക്കന്മാരുടെ കാലം മുതൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ മകന്റെ ഗുരുവായ ലാക്ടാൻഷ്യസ്സിന്റെ കാലംവരെ ജീവിച്ചിരുന്ന സഭാപിതാക്കന്മാർ പുരാതനവും ജനസമ്മതി ലഭിച്ചിട്ടുള്ളതുമായ സഹസ്രാബ്ദോപദേശത്തെ പാരമ്പരയാ, താല്പര്യമായി ഉപദേശിച്ചുവന്നു. അത് സ്തുതി ചൊല്ലപ്പെട്ട വിശ്വാസക്കാരുടെ പ്രമുഖ്യാഭിപ്രായമായിരുന്നു എന്നു തോന്നുന്നു. ഗിബ്ബൺ വീണ്ടും പറയുന്നത്:— ഈ * പിശക് * സഭയിൽ ഇരുന്ന കാലത്തോളം ക്രിസ്ത്യാനികളുടെ വിശ്വാസത്തിനും നടപടിക്കും അത് ഹിതകരങ്ങളായ ഫലങ്ങളെ ഉണ്ടാക്കിക്കൊണ്ടിരുന്നു.

Milman's Gibbons Rome Vol I. P. 262.

"സഹസ്രാബ്ദവാഴ്ചയെക്കുറിച്ചുള്ള ഉപദേശം ഉത്തമന്മാരായ ക്രിസ്ത്യാനികളുടെ ഇടയിൽ ൨൦൦ വർഷത്തോളം അപ്പോസ്തല പാരമ്പര്യമായി നടപ്പുണ്ടായിരുന്നു എന്നും രണ്ടും മൂന്നും നൂററാണ്ടുകളിലെ സഭാ പിതാക്കളിൽ അനേകരും നമ്മുടെ കർത്താവിന്റെയും അപ്പോസ്തലന്മാരുടെയും തങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന അനേകം പിതാക്കന്മാരുടെയും പാരമ്പര്യമെന്ന് ഇതിനെ വിളിച്ചിരിക്കുന്നുവെന്നും മേൽ പറഞ്ഞ രണ്ടും മൂന്നും നൂററാണ്ടുകളിലെ സഭാപിതാക്കന്മാർ അവയെയും അതേ രീതിയി

* ഗിബ്ബൺ വിപരീതവിശ്വാസിയായിരുന്നതിനാൽ പരിഹാസാഭിപ്രായമായി ഇങ്ങനെ പറഞ്ഞതാണ്.

ൽ വ്യാഖ്യാനിക്കപ്പെട്ട വേദവാക്യങ്ങളെയും മറ്റുള്ളവർ എല്ലിച്ചിയസാവെന്നാം എത്രയും വേദാനുസാരികളായ ക്രിസ്ത്യാനികളാൽ അത് സ്വീകരിക്കപ്പെട്ടിരുന്നു എന്നും സഹസ്രാബ്ദ വിരോധിയായ ഡോക്ടർ ഡാനിയൽ വിററ്ബി തന്റെ "Treatise on Traditions" എന്ന പുസ്തകത്തിൽ സമ്മതിച്ചു പറയുന്നു. മേൽഉദ്ധരിക്കപ്പെട്ട സാക്ഷ്യങ്ങളിൽ നിന്ന് സഹസ്രാബ്ദത്തെക്കുറിച്ചുള്ള ഉപദേശം പുരാതനവും ആദ്യസമയത്തിൽ പൊതുജനമതമുള്ളതുമായിരുന്നുവെന്ന് ബലമായി സിദ്ധാന്തിപ്പാൻ നമുക്കു കഴിയുന്നു. ക്രിസ്തുവിന്റെ വരവിന്റെ ശേഷം ഭൂമിയിൽ ഒരായിരമാണ്ടു വാഴ്ചകാലം ഉണ്ടാകുമെന്നുള്ള ഈ മതത്തെ ഖിലിയാസം എന്നാണ് സാധാരണ വിളിച്ചുവരുന്നത് (ഇംഗ്ലീഷ് ശബ്ദകോശം നോക്കുക).

അപ്പോസ്തല പിതാക്കന്മാരിൽ പ്രധാനിയും ഫ്രിഗിയായിലെ ഹയറാപ്പോലീസിന്റെ ബിഷോപ്പുമായ പാപ്പിയാസ് വെളിപാട്ടുകാരനായ യോഹന്നാന്റെ ശിഷ്യനോ അല്ലെങ്കിൽ തീർച്ചയായി യോഹന്നാന്റെ ശിഷ്യന്മാരിൽ നിന്ന് നേരിട്ടു ഉപദേശം ലഭിച്ചിട്ടുള്ളവനോ ആയിരുന്നു. ഇദ്ദേഹം സഹസ്രാബ്ദവാഴ്ചയായി പ്രത്യാശിച്ചുകൊണ്ടിരിക്കയും സഭാചരിത്രത്തിൽ സഹസ്രാബ്ദക്കാരുടെ പിതാവെന്ന അനശ്വരമായ നാമത്തിന്നർഹനായിഭവിക്കയും ചെയ്തു. ഐറേനിയസ്സ്, യസ്റ്റിൻ മുതലായവരും സഹസ്രാബ്ദവിശ്വാസികൾ തന്നെയായിരുന്നു. സഹസ്രാബ്ദവിശ്വാസത്തിന്റെ പുരാതനത്വത്തെ മനസ്സിലാക്കുവാൻ ഇടമട്ട് സായ്പ് എഴുതിയ മലയാളഭാഷയിലുള്ള സഭാചരിത്രമെങ്കിലും വായിച്ചുനോക്കണമെന്ന് ഞങ്ങളുടെ വായനക്കാരെ നിർബന്ധിച്ചുകൊണ്ട് ഈ വിമർശത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

---

## സ്നാനത്തെക്കുറിച്ചുള്ള

### ഏതാനും നിരൂപണങ്ങൾ.

(തുടർച്ച)

([illegible] കൊച്ചുതൊമ്മ് ഉപദേശി)

* മത്തായി ൩: ൧൩-൧൭ വായിച്ചു ചിന്തിക്ക. ദൈവം യോഹന്നാനെ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ അയച്ചു എന്ന

---

* യോഹന്നാൻ [illegible]. വ. പ.

അവൻ തന്നെ പറയുന്നു. ലൂക്ക ൭: ൩൦. ദൈവത്തിന്റെ ആലോചനയിൽ തീർച്ചപ്പെട്ടതിനെക്കൊണ്ടുള്ള ഒരു കല്പനയിൽ നിന്നു തന്നെ അകററുന്ന ആ ഗുരു ദൈവമുൻപാകെ ശരിയായി ചെയ്യുന്നുവൊ? പുതിയ നിയമത്തിന്റെ ആലോചനപ്രകാരം ദൈവത്തിൽ നിന്നു കല്പിക്കപ്പെട്ടിരിക്കുന്ന ജലസ്നാനം എന്റെ കാര്യത്തിൽ ആവശ്യമില്ല എന്നു ഒരു ക്രിസ്ത്യാനി വിചാരിച്ചാൽ അതു ദൈവസന്നിധിയിൽ യോഗ്യമാണോ?

അപ്പൊസ്തല-നടപ്പു ൨: ൩൮. പത്രോസ് അവരോടു പറഞ്ഞതു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി നിങ്ങളിൽ ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുവിൻ. എന്നാൽ പരിശുദ്ധാത്മാവാകുന്ന ദാനം ലഭിക്കും. ഈ വാക്യത്തിൽ പരിശുദ്ധാത്മാവു ഓരോരുത്തനെയും സ്നാനത്തിനായി വിളിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഓരോ ആത്മാവിനോടും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുവിൻ എന്നു പരിശുദ്ധാത്മാവു് അരുളിച്ചെയ്തിരിക്കുന്നെങ്കിൽ ഇനിക്കു ജലസ്നാനംകൊണ്ടു ആവശ്യമില്ലാ എന്നു ഒരുത്തനെങ്കിലും പറയുന്നതു ന്യായമൊ? പരിശുദ്ധാത്മാവിന്റെ വല്ലഭത്തിനു ഹൃദയത്തെ കീഴ്പ്പെടുത്താത്തതു പരിശുദ്ധാത്മാവിനു ദുഃഖം വരുത്തുകയല്ലോ. എഫെ. ൪: ൩൦. നടപ്പു ൧൬: ൩൩. അവൻ രാത്രിയിൽ ആ നാഴികയിൽ തന്നെ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവർ എല്ലാവരും ക്ഷണത്തിൽ സ്നാനപ്പെടുകയും ചെയ്തു" ഈ വാക്യാംശത്തെ സൂക്ഷിക്ക. ആ അർദ്ധരാത്രിയിൽ സുവിശേഷം കൈക്കൊണ്ടവൻ "ക്ഷണത്തിൽ" സ്നാനപ്പെട്ടകാര്യത്തെക്കൊണ്ടു ഓർത്താൽ സുവിശേഷവിശ്വാസം ലഭിക്കുന്നവർക്കു സ്നാനം എത്ര അത്യാവശ്യമൊന്നാണെന്നു തെളിവല്ലയൊ?

ഇ. നടപ്പു ൧൦: ൪൭-൪൮ അപ്പോൾ പത്രൊസ് നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനപ്പെടത്തിക്കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആൎക്കു കഴിയും എന്നു പറഞ്ഞു അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുവാൻ കല്പിച്ചു .........

സുവിശേഷസത്യത്തിൽ വിശ്വസിക്കയും പരിശുദ്ധാത്മാവിനെ ലഭിക്കയും ചെയ്തവരായി കൊർന്നേല്യോസ് മുതലായ എല്ലാവരേയും വെള്ളത്തിൽ സ്നാനപ്പെടുത്തിയെങ്കിൽ ഞാൻ വിശ്വസിച്ചു പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു പറഞ്ഞുംകൊണ്ടു ജലസ്നാനത്തിൽ നിന്നു മാറിക്കളയുന്നതു കൎത്താവിന്റെ മക്കൾക്കു യോഗ്യമോ? ആകയാൽ ക്രിസ്തീയസഹോദരാ! നീ സുവിശേഷവിശ്വാസത്തേയും പരിശുദ്ധാത്മദാനത്തേയും ലഭിച്ചു ഒരു ദൈവപൈതൽ തന്നെയാണെങ്കിലും നീ സ്നാനപ്പെട്ടിട്ടില്ലെങ്കിൽ കൎത്താവിന്റെ കല്പന അനുസരിച്ചു വെള്ളത്തിൽ സ്നാനപ്പെടുവാൻ ബദ്ധപ്പെടുക.

അപ്പ്-നടപ്പ് ൧൯:൨—൬ "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിനു പരിശുദ്ധാത്മാവു ഉള്ളപ്രകാരം കൂടെ ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു എന്നാൽ ഏതിലേക്കു സ്നാനപ്പെട്ടു എന്നു അവരോടു ചോദിച്ചു. യോഹന്നാന്റെ സ്നാനത്തിലേക്കു എന്നു അവർ പറഞ്ഞു. അപ്പോൾ പൌലുസ് പറഞ്ഞതു യോഹന്നാൻ തന്റെ പിന്നാലെ വരുന്നവനിൽ അതായതു യേശുവിൽ വിശ്വസിക്കണം എന്നു ജനത്തോടു പറഞ്ഞുകൊണ്ടു മാനസാന്തരസ്നാനമത്രെ കഴിച്ചതു. ഇതു കേട്ടാറെ അവർ കൎത്താവായ യേശുവിന്റെ നാമത്തിലേക്കു സ്നാനപ്പെട്ടു. എഫെസ്സൂസിലുള്ള ചില ശിഷ്യന്മാർ മാനസാന്തരസ്നാനത്തിനു കീഴ്പ്പെട്ടിരുന്നു എന്നാൽ സുവിശേഷസ്നാനത്തിങ്കലേക്കു അവർ പിന്നെയും കൊണ്ടുവരപ്പെടുന്നു. എന്തെന്നാൽ അവർ കൈക്കൊണ്ടിരുന്ന സ്നാനം മതിയായിരുന്നില്ലെന്നു പരിശുദ്ധാത്മാവു അവരോടു സംസാരിച്ചു പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനു ആവശ്യക്കാരായിരുന്നെങ്കിലും സുവിശേഷ സത്യത്തിനു തങ്ങളെ കീഴ്പെടുത്തിയിരുന്നവരും തന്നിമിത്തം ദൈവീകമായ പരിജ്ഞാനത്തിൽ ചിലതെല്ലാം അനുഭവിച്ചവരുമായ എഫേസൂസിലെ ശിഷ്യന്മാർ ജലസ്നാനത്തിനു കൊണ്ടുവരപ്പെട്ടെങ്കിൽ ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു ഞാൻ ചില വിശേഷമായ പരിജ്ഞാനത്തെ പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞുംകൊണ്ടു വല്ലൊരു ശിഷ്യനും സ്നാനത്തിൽ നിന്നു മാറിക്കളയുന്നെങ്കിൽ ദൈവവചനം അതിനെ അനുവദിക്കുമോ?

ഇങ്ങിനെ ജലസ്നാനം ക്രിസ്തുവിശ്വാസികളായ എല്ലാവൎക്കും ഒഴിച്ചുകൂടാത്ത ഒന്നാണെന്നു തിരുവെഴുത്തു സാക്ഷിക്കുന്നു. കൎത്താവിൽ പ്രിയസഹോദരാ! യേശു മശിഹായുടെ സുവിശേഷ സത്യത്തെ വിശ്വാസത്തിന്റെ ആത്മാവിൽ നീ ഹൃദയത്തിൽ കൈക്കൊണ്ടിരിക്കുന്ന പ്രകാരം തന്റെ വിശ്വാസികൾക്കായി നിയോഗിച്ചിരിക്കുന്ന ജലസ്നാനത്തെ നീ ശരീരത്തിൽ കൈക്കൊണ്ടിരിക്കുന്നുവൊ? കൎത്താവിന്റെ കല്പനയെ മനഃപൂൎവ്വം തള്ളിക്കളകയൊ ദുൎബ്ബലപ്പെടുത്തുകയൊ ചെയ്യുന്നവരിൽ നമ്മളാരും കാണപ്പെടരുതെ.

(തുടരും)

---

# വേദാദ്ധ്യയനം

ലൂക്ക് ൮ അ.

൫൬ വാക്യങ്ങൾ അടങ്ങിയ ഈ അദ്ധ്യായം മുഴുവൻ നമുക്കൊന്നു വായിക്കാം.....................വായിച്ചു കഴിഞ്ഞെങ്കിൽ ഇതിലെ സംഗതികളുടെ പൊരുത്തം അനുസരിച്ച് അദ്ധ്യായത്തിന് ഒരു പേരു കൊടുക്കാം. ഏതെന്നൊരു പേരാണ് കൊടുക്കേണ്ടതു് എന്ന് വായനക്കാർ പറയണം. പറയുന്നില്ലെങ്കിൽ ഞാൻ ഒരു പേർ പറയാം. “അധികാരങ്ങളുടെ അദ്ധ്യായം” എന്നത്രെ ഞാൻ ഇതിനു പേരു കൊടുക്കുന്നത്. ഇതിൽ നമ്മുടെ കൎത്താവിന്റെ അധികാരസീമ എത്ര വിസ്തൃതമായിട്ടുള്ളതെന്നു കാണിച്ചിരിക്കുന്നു.

ഈ അദ്ധ്യായത്തിൽ കൎത്താവ് എന്തെല്ലാം ചെയ്തതായിട്ടാണ് പറയുന്നതു്, നമുക്കു നോക്കാം.

I. ൧൭-ാം വാക്യം “വെളിപ്പെടാതെ ഗൂഢമായതു് ഒന്നുമില്ല” എന്നു നാഥൻ പറയുന്നു. ഗൂഢമായതിനെ വെളിപ്പെടുത്തുന്നതിനുള്ള അധികാരശക്തി തനിക്കുണ്ടെന്നാണ് ഇതിൽ നിന്നു കിട്ടുന്നതു്. അതിനാൽ ഗൂഢമായവയുടെമേൽ തനിക്കധികാരമുണ്ടു്.

II. ൧൯-ാം വാ. അമ്മയും സഹോദരന്മാരും കൎത്താവിനെ അന്വേഷിക്കുന്നു. സ്വാഭാവിക വാത്സല്യബന്ധം തന്നെ പുറത്തു. എന്റെ അമ്മയും സഹോദരന്മാരും ദൈവ വചനം കേട്ടു ചെയ്യുന്നവരത്രെ എന്നുള്ള പ്രസ്താവനയാൽ ഈ പ്ര

കൃതിബന്ധത്തെ പൊളിക്കുന്നതിന് താൻ ശക്തനാണെന്നു ഉവ ളിപ്പെട്ടുത്തുന്നു. അതിനാൽ സ്വാഭാവികസ്നേഹബന്ധങ്ങളുടെ മേൽ തനിക്കധികാരമുണ്ട്.

III. ൨൪-ാം വാ. കാററിനെ അമർത്തുവാൻ മനുഷ്യനു ശക്തിയില്ല. ഈ ബോട്ടത്തിൽ പടകിൽ കയറിയിരുന്ന വലിയ പരിചയക്കാർ കാററിനാൽ ഉഴലുക അത്രെ ചെയ്തതു്. കർത്താവ് കാററിനെ ശാസിക്കുന്നു. കാററു് എവിടെ നിന്നു വരുന്നു എവിടേക്കു പോകുന്നു എന്നു് മനുഷ്യൻ അറിയുന്നില്ലല്ലോ. ഈ വിധമായ കാററിൻമേലും മനുഷ്യപുത്രന്നു് അധികാരമുണ്ട്.

IV. ൨൪-ാം വാ. കടലിനെശാസിപ്പാൻ ഒരിക്കൽകന്യൂട്ടുരാജാവു് തുനിഞ്ഞു. അതു് വിഫലമായിപ്പോയി എങ്കിലും കർത്താവു് കടലിനെ ശാസിച്ചു. വെള്ളത്തിൻെറ കോപം അമർന്നു. അതിനാൽ യേശു രക്ഷിതാവിന് കടലിന്മേലും അധികാരമുണ്ടു്.

V. ൨൯-ാം വാ. ഭൂതബാധിതനെ രക്ഷകൻ സുഖപ്പെടുത്തി, അതിനാൽ നമ്മുടെ കർത്താവിന്നു് ഭൂതങ്ങളുടെ മേൽ അധികാരമുണ്ടു്.

VI. ൪൪ ാം. വാ ഒരു രക്തസ്രാവക്കാരിയെക്കൊണ്ടുന്നു. ദീനം തുടങ്ങീട്ടു പന്ത്രണ്ടു വത്സരമായി. ക്ലേശിപ്പെട്ടു പല വൈദ്യന്മാർ ചികിത്സിച്ചുനോക്കിയതാണ്. ഒരു ഗുണവും ഉണ്ടായില്ല. അവൾ കർത്താവിൻെറ വസ്ത്രത്തൊങ്ങൽ തൊട്ടു, സുഖപ്പെടുന്നു. നമ്മുടെ കർത്താവിന്നു രോഗങ്ങളുടെ മേൽ അധികാരമുണ്ടു്.

VII. ൪൪ ാം വാ. യായിറോസിൻെറ മകൾ ആസന്നമരണയായികിടക്കുന്നു. കർത്താവു് അവിടേക്കു പോകും വഴി അവൾ മരിച്ചുപോയതായി ഇടയ്ക്കു വച്ചു് അറിവു കിട്ടുന്നു. കർത്താവു നിരാശപ്പെട്ടില്ല. മുന്നോട്ടുപോയി, അവളുടെ വീട്ടിൽ എത്തി, അവളെ ഉയിർപ്പിക്കുന്നു. കർത്താവിന്നു മരണത്തിൻെറ മേൽ അധികാരമുണ്ടു്.

അതിനാൽ ക്രിസ്തുവിൻെറ ഏഴുവിധമായ അധികാരത്തെ അതായതു് തൻെറ പരിപൂർണ്ണാധികാരത്തെ വെളിപ്പെടുത്തുന്ന ഈ അദ്ധ്യായത്തിന് അധികാരങ്ങളുടെ അദ്ധ്യായം എന്നു പേർ കൊടുക്കുന്നതു് യുക്തിയുക്തം തന്നെ.

ഇനി, ഈ പാഠത്തെ നമുക്കൊന്നു ചുരുക്കി എഴുതാം.

൧. ജഡമായവസ്തുക്കളുടെമേൽതനിക്കുള്ള അധികാരം വാ—൧൦
൨. സ്വാഭാവികസ്നേഹബന്ധങ്ങളുടെ മേൽ ,, ,, ൨൧
൩. കാററിന്മേൽ ,, ,, ൨൪
൪. കടലിന്മേൽ ,, ,, ൨൫
൫. ഭൂതങ്ങളുടെ മേൽ ,, ,, ൨൯
൬. രോഗങ്ങളുടെ മേൽ ,, ,, ൪൪
൭. മരണത്തിന്മേൽ ,, ,, ൫൪

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. മത്താ. ൨൮:൧൮.

## ഫലവത്തായ സഭ.

(തുടർച്ച)

൩. ഫലവത്തായ സഭ അപ്പോസ്തല കാലത്തെന്നപോലെ തന്നെ ആത്മികത്വത്തിന്നു (സഭയിൽ) സർവ്വപ്രാധാന്യം കൊടുക്കുന്നതായിരിക്കും. ഏർപ്പെടുത്തലുകളും അഥവാ സ്ഥാപനങ്ങളും; മദ്ധ്യാന്തരങ്ങളും മാത്രമെന്നല്ലാതെ തന്നിൽതന്നെ അവ ആത്മികങ്ങളും എന്നു ഗണിക്കയില്ല.

നഷ്ടപ്പെട്ടവരെ നേടുന്നതിനോ രക്ഷപെട്ടവരെ ക്രിസ്തീയ സുകൃതങ്ങളിൽ സ്ഥിരപ്പെടുത്തി നിർത്തുന്നതിനോ വാസ്തവമായി വീണ്ടും ജനിച്ചവരും നല്ല ആത്മീക വൈചക്ഷണ്യമുള്ളവരും ദൈവകൃപയുടെ അനുഭവക്കാരുമായ ആളുകളെക്കൊണ്ടല്ലാതെ ചർച്ചുമെമ്പറി കൊണ്ടോ വായനക്കാർഡുകൊണ്ടോ റീഡിംഗ് ക്ലബ്ബ്കൊണ്ടോ പണശേഖരങ്ങൾ കൊണ്ടോ സാധിക്കയില്ല. പക്ഷെ ഇവ നല്ല മദ്ധ്യാന്തരങ്ങൾ ആയിരുന്നേക്കാം. എങ്കിലും ഈ വക പുറംപാടായുള്ള ഏർപ്പെടുത്തൽ കൊണ്ടു ക്രിസ്തുവിന്റെ രാജ്യം എളുതായി വരുത്തിക്കൊള്ളാമെന്നു നിരൂപിച്ചു വഞ്ചനപ്പെടരുതു്.

യഥാർത്ഥഫലവത്ത്വം എന്നതു് ശക്തിയത്രേ. ഈ ശ

ക്തിയുടെ ഉറവിടം ഏതു്? ആത്മരൂപിയായ ദൈവം തന്നെ. ഏറ്റവും ശക്തിമത്തായ സഭ പരമാർത്ഥികളും ആത്മമയന്മാരുമായ ആളുകളാൽ സംഘടിതമായിട്ടുള്ളതാണു്. ഇങ്ങനെയുള്ളൊരു സഭയിൽ ഭിന്നത, തൻകാര്യം, ലോകമയത്വം, ദ്രവ്യാഗ്രഹം, കൃത്യങ്ങളിൽ അശ്രദ്ധ എന്നിവകൊണ്ടുള്ള കറചുളുക്കങ്ങൾ കാണപ്പെടുകയില്ല.

൪. ഫലവത്തായ സഭ അതിന്റെ ഓരോരോ അംഗങ്ങളും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവിലേക്കു് എത്തണമെന്നു് ആഗ്രഹിക്കുന്നതാകുന്നു.

വേദവാക്യങ്ങളിൽ ഒരിടത്തും എല്ലാവർക്കും വേണ്ടി ഏതാനും പേർ വിശ്വസിക്കുന്ന മാർഗ്ഗ(Proxy Religion)ത്തെക്കുറിച്ചു ഒന്നും പറഞ്ഞു കാണുന്നില്ല. യേശുക്രിസ്തുവിന്റെ മാർഗ്ഗം ആത്മീയവും ആളാംപ്രതി വിശ്വസിക്കേണ്ടതുമാകുന്നു. ഓരോരുത്തരും ക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി അറിഞ്ഞു മനസ്സോടെ വിശ്വസിക്കണം. ഇങ്ങനെയാണു് ഈ മാർഗ്ഗം ആത്മാവിൽ കടന്നുകൂടുന്നതു്.

രക്ഷിക്കപ്പെട്ട യാതൊരുവരെയും സഭയുടെ ശുശ്രൂഷയിൽ നിന്നു ഒഴിച്ചു വിട്ടിട്ടില്ല. നമ്മിൽ ഓരോരുത്തനു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നൊത്തവണ്ണം കൃപാവരം ലഭിച്ചിട്ടുണ്ടു്. താലന്തു പലർക്കു പലവിധമാണു്. ചിലരെ അപ്പോസ്തലന്മാരായും (മിഷ്യനറിമാർ) ചിലരെ പ്രവാചകന്മാരായും (ദൈവത്തിനു വേണ്ടി സംസാരിക്കുന്നവർ) ചിലരെ സുവിശേഷകന്മാരായും (ആത്മാക്കളെ നേടുന്നതിൽ പ്രത്യേക കഴിവുള്ളവർ) ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും (സഭയുടെ പരിപാലകന്മാർ) നിയമിച്ചിരിക്കുന്നു. വാസ്തവത്തിൽ രക്ഷിത ഗണത്തിൽ ഓരോരുത്തനും സഭയ്ക്കുപകരിക്കേണ്ട സ്ഥാനത്തിരിക്കേണ്ടതും ഇരിക്കുന്നതുമാകുന്നു.

ഇക്കാലത്തെ സഭ പുതിയ ആളുകളെ ചേർത്തു് എണ്ണം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതല്ലാതെ സഭാംഗങ്ങളായി നില്ക്കുന്നവരുടെ പരിപോഷണാർത്ഥം പറയത്തക്കവിധത്തിൽ യാതൊന്നും തന്നെ ചെയ്യുന്നില്ല. നമ്മുടെ സുവിശേഷവേല അഭിവൃദ്ധിപ്പെട്ടുവരുന്നതിൽ നമുക്കഭിമാനമുള്ളതു ന്യായംതന്നെ. എന്നാൽ

നിൽക്കുന്ന സഭാംഗങ്ങളെ വളൎത്തുന്നതിൽ നാം ജാഗരിക്കാത്തതു ഒരു വലിയ ന്യൂനതയത്രെ.

൪. ഫലവത്തായ സഭ അന്യോന്യം യോജിച്ചു പ്രവൎത്തിക്കുന്ന സംഘമാകുന്നു.

ഒററ ആളിനെന്നപോലെ തന്നെ ഒററ സഭയ്ക്കും തനിച്ചു ജീവിച്ചു തനിച്ചു മരിപ്പാൻ കഴികയില്ല. ഓരോ സ്ഥല സഭകളും അനാശ്രിതങ്ങളെന്നപോലെ തന്നെ പരസ്പരാശ്രിതങ്ങൾ എന്നുകൂടി സമ്മതിക്കേണ്ടതാണ്. ശക്തിയെ വൎദ്ധിപ്പിക്കുന്നതിനുവേണ്ടി ഓരോ അംഗങ്ങളും യോജിച്ചു ഒരു സഭയാകുന്നതുപോലെ ഓരോ സഭകളും യോജിച്ചു സമാജങ്ങളായി രൂപപ്പെടണം. ഈ സമാജങ്ങൾക്കു ഏതുതരത്തിലും ഒരു സ്ഥല സഭയുടെ പ്രത്യേകാധികാരത്തെ കവരുവാൻ പാടില്ലെങ്കിലും പൊതുവേ ഒരുതരത്തിൽ സ്വാധീന ശക്തിയുണ്ടു്. ഈ വക സംഘങ്ങളിൽ ഓരോ സ്ഥല സഭയുടേയും പ്രതിനിധികൾക്കു സഭാവൃത്താന്തങ്ങൾ നിവേദനം ചെയ്യുന്നതിനും, അതിനെ വേണ്ടവിധം പൊതുവിൽ നിരൂപണം ചെയ്യുന്നതിനും സൌകൎയ്യമുണ്ടു്. സംശയതൎക്കങ്ങൾക്കു ഇടയുള്ള സംഗതികളിൽ ഗുണദോഷം പറഞ്ഞുകൊടുക്കാം. ദൈവരാജ്യ പ്രചാരത്തിനുവേണ്ട പ്ലാനുകൾ തയാറാക്കാം. എങ്കിലും ഈ പ്ലാനുകളെ നിഷേധിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഹാജരുള്ള ഒററ സഭയ്ക്കോ എല്ലാ സഭകൾക്കുമോ അധികാരമുണ്ടു്. വേദവാക്യങ്ങൾക്കു വിപരീതമല്ലാത്തതും സഭകളുടെ സ്വയംഭരണത്തിനു ബാധകമല്ലാത്തതുമായ ഏതു സൌകൎയ്യ സാമഗ്രികളേയും നിൎമ്മിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും ഈ പൊതുസംഘത്തിനു കഴിയുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഫലവത്തായ സഭ ആധ്യാത്മികലോകത്തോടു ചേൎന്നു സ്വയംഭരണത്തിനു ബാദ്ധ്യം കൂട്ടുന്നു. പക്ഷെ ഒരു ആത്മിക സ്വയംഭരണത്തിനാണെന്നു മാത്രം ഭേദം. എന്നിരിക്കിലും ഓരോ സഭയും മററുള്ള സഭകളുമായി യോജിച്ചു പ്രവൎത്തിക്കണമെന്നുള്ളതു നാഥന്റെ ക്ലാസ്സിൽ ഐച്ഛികവിഷയമല്ല; നിൎബന്ധ വിഷയമത്രെ. യോജിപ്പു പക്ഷെ പ്രയോജനമായിത്തീരണമെങ്കിൽ യോജിക്കുന്ന സഭകൾ തമ്മിൽ ആത്മികൈക്യം ഉണ്ടായിരിക്കണം. അതായതു്, വിശ്വാസത്തിലും ഭരണരീ

തിയിലും അവയ്ക്കു തമ്മിൽ ഐക്യമുണ്ടായിരിക്കണം. അല്ലാത്ത വിധമുള്ള യോജിപ്പ് വഞ്ചനയും കണിയും തന്നെ എന്നു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

൩. കടശിയായി, ഈ പരിഷ്കൃത കാലത്ത് ഫലവത്തായ സഭയ്ക്കു പ്രതിഷ്ഠിതന്മാരും ധീരന്മാരും അത്യുത്സുകരുമായ നടത്തിപ്പുകാർ അത്യാവശ്യമാണ്.

പുതിയ നിയമസഭയുടെ നടത്തിപ്പ് അതിന്റെ ദൈവനിയുക്തനായ ഇടയനിൽ ആണല്ലോ സ്ഥിതി ചെയ്യുന്നത്. ഇങ്ങനെയുള്ളൊരു ഇടയൻ ഒരു നടത്തിപ്പുകാരനായിരുന്നാൽ മാത്രം പോരാ; നടത്തിപ്പുകാരെ അഭ്യസിപ്പിക്കുന്നവനായി കൂടെ ഇരിക്കണം. അല്ലാത്തപക്ഷം അതിന്റെ ദുഷ്ഫലം ദീർഘ കാലങ്ങളിൽ പരമ്പരയാ കാണ്മാൻ ഇടയാകുന്നതാണ്. ഇക്കാലത്തെപ്പോലെ ഇസ്സംഗതിയിൽ നിഷ്കർഷ വയ്ക്കേണ്ട ആവശ്യം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. നമ്മുടെ കാലം വിശിഷ്യാ ഓരോ സംഗതിക്കും പ്രത്യേക യോഗ്യതയുള്ളവരുടെ കാലമാകുന്നു. പ്രാസംഗികൻ ശ്രോതാക്കളെക്കാൾ കൂടിയ അളവിലുള്ളവനായിരിക്കണം. മറിച്ചുവന്നാൽ ജനങ്ങൾ അവനെ ശ്രദ്ധിക്കയും ഗണിക്കയുമില്ല. ദൈവം വിദ്യാവിഹീനന്മാരെക്കൂടിയും ചിലപ്പോൾ തന്റെ ആയുധമായി എടുക്കാമെന്നുള്ളത് സംഭാവ്യമാകയാൽ നമ്മുടെ സഭകൾ വിദ്യാഭ്യാസത്തെ സഭയുടെ ശുശ്രൂഷകവൃത്തിക്ക് ഒരു വ്യവസ്ഥയാക്കി വെച്ചിട്ടില്ലാത്തതു ബുദ്ധി തന്നെ. എങ്കിലും നഗരങ്ങളിലും ഗ്രാമങ്ങളിൽ തന്നെയും ഇപ്പോൾ പ്രാപ്തി കുറവുള്ള ശുശ്രൂഷകർ അവഗണിക്കപ്പെടുന്നു എന്നുള്ളത് വാസ്തവമാണ്. നേരെമറിച്ച് വിദഗ്ദ്ധനായ ഒരു പ്രാസംഗികന് ഇക്കാലത്ത് ഒരു സ്ഥലത്തിരുന്ന് തന്റെ ജോലി നിവർത്തിപ്പാൻ കഴിയാതവണ്ണം സ്ഥലം തോറും അവൻ ക്ഷണിക്കപ്പെടുകയും ബഹുമാനപുരസ്സരം കൈക്കൊള്ളപ്പെടുകയും ചെയ്യുന്നതായി നാം നമ്മുടെ ഇടയിൽ പ്രത്യക്ഷം കണ്ടുവരുന്നു.

അതിനാൽ ഉപദേഷ്ടാക്കന്മാരിൽ ദൈവവിളി, ഭക്തി, വിശ്വാസം എന്നിവയുടെ പുറമെ പഠിപ്പുകൂടെ ഉണ്ടായിരിപ്പാൻ ആധുനിക ലോകം ആവശ്യപ്പെടുന്നു. അങ്ങനെയായാൽ തന്റെ ഇടയിൽ ഉൾപ്പെടുന്ന പഠിപ്പുകാരെ ഭയന്ന് അവൻ എ

ങ്ങും പോകേണ്ടതില്ല. അവരുടെ ശ്രദ്ധയും സഹകരണവും ലഭിക്കണമെങ്കിൽ ഉപദേഷ്ടാവും പഠിപ്പുള്ള ആളും ആയിരുന്നെ മതിയാവു.

സർവ്വോപരി ഈ മാതിരി യോഗ്യതകൾക്കു പുറമേ കാര്യങ്ങളെ ശരിയായി നടത്തിക്കൊണ്ടു പോകുന്നതിന് തക്ക കർമ്മകൌശല്യം അവനുണ്ടായിരിക്കണം. ഇങ്ങനെയായാൽ തങ്ങളുടെ ഗൌരവമായ ചുമതലയേയും അതുല്യമായ പദവിയേയും ശരിയായി പാലിച്ച് കർത്തവ്യകർമ്മങ്ങളെ അനുഷ്ഠിക്കുന്നതിന് സഭാനടത്തിപ്പിൽ പ്രവേശിക്കുന്നവർ കഴിവുള്ളവരായി തീരും. അതിനാൽ ആത്മികമായ ക്ഷാമം കൊണ്ട് പീഡിതവും പാപരോഗത്താൽ ബാധിതവും ക്രിസ്തുവിന്റെ പാപ പരിഹാരമാർഗ്ഗത്തെക്കുറിച്ച് ബോധിതവുമായ ഈ ലോകത്തിന്ന് നമ്മാൽ ആവുന്നെടത്തോളമുള്ള സർവ നന്മകളും ചെയ്വാൻ ഇനിക്കും എന്റെ മാന്യ സഹകാരികളായ നിങ്ങൾക്കും ദൈവം സഹായിക്കട്ടെ.

Record of Christian Work.

---

## മഹദ്വചനങ്ങൾ.

രണ്ടുകാര്യങ്ങൾ തുല്യപ്രയാസമുള്ളവകളാണ്. അതിൽ ഒന്ന്, ഒരുവൻ ഇരിക്കെ, അവന്റെ ഗുണങ്ങളെക്കുറിച്ചു ബുദ്ധിയോടു പറയുന്നതും മററത്, ഒരുവൻ ഇല്ലാത്തപ്പോൾ അവന്റെ തെററുകളെക്കുറിച്ച് സ്നേഹത്തോടു പറയുന്നതും തന്നെ.

മനസ്സിലുദിച്ചു വിളിച്ചു ക്രമാനുസൃതങ്ങൾ സംശയിച്ച് സാവധാനമായി സംസാരിക്കുന്നതത്രേ വാഗ്മിത്വം.

സൌമ്യതയുള്ളവർ ഭൂമിയെ അവകാശമായി അനുഭവിക്കും. എന്നാൽ അതിന് അവർ കരം കൊടുക്കേണ്ടിവരികയില്ല.

ചിലർ തങ്ങളെ പിശാചിന്റെ വിറകുകളാക്കുന്നു. മററു ചിലർ തങ്ങളെ ദിവസവാടകയ്ക്കു ഏല്പിക്കുന്നതേ ഉള്ളൂ.

അനുതാപത്തിന്റെ താഴ്ന്ന സ്ഥാനത്ത് ഇറങ്ങിയിരിക്കുന്നവർ മാത്രമേ സ്തുതിയുടെ ഉന്നതസ്ഥാനത്ത് എത്തുകയുള്ളൂ.

ചിലർ പുകയിലവഴി ദിവസമൊന്നുക്ക് ഒരു പണം പുകച്ചുതള്ളുന്നു, സഭയ്ക്ക് അതിൽ ഒരംശമില്ല.

പറയുന്നതെല്ലാം അറിയണം അറിയുന്നതെല്ലാം പറയരുതു്.

കഴിഞ്ഞവർഷത്തെ ആഹാരവും കഴിഞ്ഞവർഷത്തെ സൽപ്രവൃത്തിയും ഈവർഷത്തിൽ ഉപകരിക്കുന്നില്ല.

സത്യമായി ചെയ്യുന്നതത്രെ ഭംഗിയായിചെയ്യുന്നതു്. ഭംഗിയായി ചെയ്യപ്പെടുന്നവ സത്യമായി ചെയ്യപ്പെട്ടവയല്ല.

എല്ലാററിൽ നിന്നും പഠിക്കുന്നതു ജ്ഞാനം. സ്വയത്തെ ജയിക്കുന്നതു ബലം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതു ധനം. കാണാത്തതു വിശ്വസിക്കുന്നതു വിശ്വാസം.

എല്ലാരോഗങ്ങൾക്കും ചികിത്സ ക്ഷമതന്നേ: അതായതു കാലം.

ആയുസ്സിന്റെ നിസ്സാരതയെ അറിയുന്നതു സാക്ഷാൽ ജീവനിലേക്കുള്ള ആദ്യത്തെ പടി.

ദോഷദൃക്കു് പിന്നോട്ടുനോക്കുന്നു. ശുഭദൃക്കു് മുന്നോട്ടും നോക്കുന്നു. അഭിപ്രായക്കാരൻ അകത്തുനോക്കുന്നു. അന്വേഷകൻ പുറത്തുനോക്കുന്നു. നല്ലവനും ജ്ഞാനിയും മേലോട്ടു നോക്കുന്നു.

---

## കുറിപ്പുകൾ.

നിർവിശ്വാസം, മാമൂൽ, ഇളക്കം, അനുഭവം ഈ നാലുപേർകൂടി ഒരുമുറിയിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരുവൻ വാതിൽതുറന്നു അകത്തു ചാടി അതേ അവസ്ഥയുണ്ടായ ഒരു കപ്പൽ ചേതത്തെപ്പററിപറഞ്ഞു. ഉടനേനിർവിശ്വാസം അവനോടു തർക്കിച്ചു കപ്പൽചേതമെന്നൊന്നുണ്ടോ? എന്തുകഥയില്ലായ്മ! എന്നു പറഞ്ഞു മാമൂൽ ഇരുന്നു് ഒന്നാലോചിച്ചു് കപ്പൽകാരെ രക്ഷപ്പെടുത്താൻ വല്ലവഴിയും ഉണ്ടോ എന്നു കണ്ടുപിടിക്കണമെന്നഭിപ്രായപ്പെട്ടു. ഇളക്കം ഓടിനടന്നു നിലവിളിക്കയും ദുഃഖംകൊണ്ടു മുടിപിഴുതുകളവാൻ ശ്രമിക്കയുംചെയ്തു. അനുഭവമോ, ഇതിനിടയ്ക്കു സാവധാനത്തിൽ ഇറങ്ങി കയറുകളുംമററും ശേഖരിച്ചുകൊണ്ടുചെന്നു കപ്പൽക്കാരെ രക്ഷിപ്പാൻ ബദ്ധപ്പെട്ടു. ലോകസമുദ്രത്തിൽ മുങ്ങിച്ചാകുന്നവരെ രക്ഷിപ്പാൻ അനുഭവത്തിനുമാത്രമേ കഴികയുള്ളു.

ഒരു കുടിയൻ തീവണ്ടികയറി. അവൻ ഇരുന്നബെഞ്ചിന്റെ എതിർവശത്തു് ഒരു പട്ടക്കാരൻ ഇരുന്നിരുന്നു. അദ്ദേഹത്തെ കണ്ടിട്ടു് സ്വർഗ്ഗം ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ലെന്നു കുടിയൻ പറഞ്ഞു. പട്ടക്കാരൻ അതിനു ചെവികൊടുത്തില്ല. പിന്നെയും ആ മനുഷ്യൻ അങ്ങിനെ വിളിച്ചുപറഞ്ഞു. എന്നിട്ടും പട്ടക്കാരൻ മൌനമായിരുന്നു. കേട്ടോ! സ്വർഗ്ഗമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നു വീണ്ടും ആ മനുഷ്യൻ നിലവിളിച്ചു. അപ്പോൾ പട്ടക്കാരൻ ശാന്തമായി സ്വർഗ്ഗമുണ്ടെന്നു നിനക്കു വിശ്വാസമില്ലെങ്കിൽ നീ അങ്ങോട്ടുപോകേണ്ടാ. നരകത്തിലേക്കുതന്നെ യാത്രയായിക്കൊൾക. അതിനു ബഹളംകൂട്ടേണ്ട ആവശ്യമില്ലല്ലോ എന്നുപറഞ്ഞു.

---

ജോൺ വെസ്ലി ആഡംക്ലാർക്ക് മുതലായ മെതഡിസ്റ്റു പണ്ഡിതന്മാർ.

ലംബർട്ടു് റോസ്സ്, സ്ക്ലൂസ്നർ മുതലായ ലൂഥർമതക്കാർ.

൭. ബർന്നബാസ്, ഹെർമ്മാസ് മുതലായ അപ്പോസ്തല പിതാക്കൾ. യുസ്തീനോസ്, തെർത്തുല്യൻ, അംബ്രോസ്, ക്രിസോസ്തം മുതലായ പൂർവ്വപിതാക്കൾ.

൮. പുരാതനസഭ നാലാംനൂറ്റാണ്ടുമുതൽ ഉപയോഗിച്ചിരുന്ന സ്നാനതൊട്ടികളുടെ വിവരണങ്ങൾ. കസ്തന്തീനിയൻ തൊട്ടി, സാൺജോൺഫ്ലൊറൻസാതൊട്ടി, റേഡിസ്‌വെൽ മുതലായ കൃത്രിമതൊട്ടികൾ.

൯. ഡാക്ടർ മോഷീം, ഡാക്ടർ നിയാണ്ഡർ മുതലായ പ്രസിദ്ധ സഭാചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ,

൧൦ യവനായ, അർമ്മേനായ, കനസ്ത്യോറിയ, സുറിയ, ആംഗ്ലിയാമുതലായ സഭകളുടെ തക്സാകളിൽ നിന്നുള്ള തെളിവുകൾ,

൧൧. ബപ്റ്റിഡ്സൊ എന്നപദത്തിന്റെ മലയാള പരിഭാഷയും നിരൂപണവും,

൧൨. പുതിയനിയമത്തിൽപറഞ്ഞിട്ടുള്ള സ്നാനം മുഴുകൽതന്നേ എന്നുള്ളതിനു വാക്യാർത്ഥഗതമായപതിമ്മൂന്നു ന്യായങ്ങൾ.

ഫിലിപ്പ് ഷോഫ് എന്ന അമേരിക്കൻ ന്യായശാസ്ത്രപണ്ഡിതന്റെയും വിക്റ്റോറിയാ മഹാരാജ്ഞിയുടെചാപ്ലെയിനായിരുന്ന ഓണറബിൾ ആൻഡ് റവരണ്ടു ബാപ്റ്റിസ്റ്റുനോയലിന്റെയും അഭിപ്രായങ്ങൾ. വില ചക്രം ൯.